For Private circulation only

The Syrian Church Tract Society

(Established 1906)

മലങ്കര സുറിയാനി സഭാ ലഘുലേഖകൾ

New Series No. 7

ചിങ്ങവനം വ്യവസ്ഥകളും അന്ത്യോഖ്യാ വ്യവസ്ഥകളും.

ഒരു താരതമ്യപഠനം

മലങ്കര സുറിയാനി ലഘുലേഖാസംഘത്താൽ നിയുക്തരായ
ഇ. പി. മാത്യു ബി. ഏ., ബി. എൽ., റവ. യു. പീലിപ്പോസ്
ബി. ഏ., എം. എസ്സ്‌സി., റവ. സി. മോസസ്സ് ബി. ഏ.
എൽ. എൽ. ബി. എന്നിവരാൽ തയ്യാറാക്കപ്പെട്ടത്.



മലങ്കര സുറിയാനി സഭാ ലഘുലേഖാസംഘം

ഹെഡാഫീസ്:—

മാർ ഇഗ്നാത്യോസ് ദയറാ, ഓമല്ലൂർ.

ബ്രാഞ്ചാഫീസ്:—

അന്ത്യോഖ്യാ സിംഹാസനപ്പള്ളി, കോട്ടയം.

1950.

വില. അണ. 2.

Printed by the Geo Printers Limited, Kottayam.

അഭ്യർത്ഥന

മലങ്കര സുറിയാനിസഭാ ലഘുലേഖാ സംഘം പുനർജ്ജീവിച്ച ശേഷമുള്ള 7-ാം നമ്പർ കൃതിയാണ് ഇത്. ഇതുവരെയുള്ള പ്രസിദ്ധീകരണങ്ങൾക്കും ഇതിനും ധനസഹായം ചെയ്തും മറ്റു വിധത്തിലും ഞങ്ങളെ പ്രോത്സാഹിപ്പിച്ചിട്ടുള്ള എല്ലാവരോടും ഞങ്ങൾക്കുള്ള നിസ്സീമമായ കൃതജ്ഞതയെ ഇവിടെ സാദരം രേഖപ്പെടുത്തിക്കൊള്ളുന്നു. ഇനിയും പലതും അച്ചടിക്കേണ്ടതായിട്ടുണ്ട്. അതിനു സത്യവിശ്വാസികളായ സഭാമക്കളുടെ ഔദാര്യ സംഭാവനകളല്ലാതെ യാതൊരു മൂലധനവുമില്ല.

അതിനാൽ ഈ അഭ്യർത്ഥന വായിക്കുന്ന ദൈവമക്കൾ ഈ സംഘത്തിന്റെ നടത്തിപ്പിലേക്കു കഴിവുള്ള സഹായങ്ങൾ അയച്ചുതരികയും ലഘുലേഖകളെ ആവുന്നിടത്തോളം പ്രചരിപ്പിക്കുകയും ചെയ്യുന്നതു ഒരു വലിയ സേവനമായിരിക്കും. സംഭാവനയ്ക്കു സൗകര്യമില്ലാത്തവർ പ്രസിദ്ധീകരണങ്ങൾക്കു വയ്ക്കുന്ന ലഘുവായ വിലയെങ്കിലും അയച്ചുതന്നു സഹായിക്കുമെന്നു വിശ്വസിക്കുന്നു.

പണങ്ങളും എഴുത്തുകുത്തുകളും താഴെപ്പറയുന്ന മേൽവിലാസത്തിൽ അയച്ചുതരണം.

എന്നു

ഇ. പി. മാത്യു, ബി. എ., ബി. എൽ.,

ഇടവഴിക്കൽ, കോട്ടയം

തിരുത്ത്

22-ാം വശം 27-ാം വരിയിൽ "മലങ്കര സുന്നഹദോസ് ഒരു പ്രസിഡണ്ടിനെ തെരഞ്ഞെടുക്കു". എന്നതിനു പകരം "പുതിയ മല്പ്രിയാനാ ഉണ്ടാകു" എന്നു വായിക്കണം.

I

താഴെ പേരെഴുതിയിരിക്കുന്ന ആളുകൾ ചേർന്ന്

ചിങ്ങവനം മാർ അപ്രേംസിമ്മനാരിയിൽ

വച്ചു തയാറാക്കിയ

സമാധാന വ്യവസ്ഥകൾ.

1. വിശുദ്ധപത്രോസിന്റെ സിംഹാസനത്തിന്മേൽ വാഴുന്ന പ: അന്ത്യോഖ്യാ പാത്രിയർക്കീസുബാവാ തിരുമനസ്സുകൊണ്ട് ആകമാന സുറിയാനിസഭയുടെ ആത്മീകതലവനാകുന്നു.

2 ഇപ്പോൾ രണ്ടായി ഭിന്നിച്ചിരിക്കുന്ന മലങ്കരസഭയുടെ യോജിപ്പിനു വേണ്ടി മലങ്കരസഭയെ പരിശുദ്ധപാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് ഒരു കാതോലിക്കേറ്റ് (മല്പ്രിയാനേറ്റ്) ആയി പ്രഖ്യാപനം ചെയ്യുന്നു.

3 അതാതുകാലങ്ങളിൽ മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസ് തിരഞ്ഞെടുക്കുന്നയാളിനെ പരിശുദ്ധപാത്രിയർക്കീസുബാവാ തിരുമനസ്സുകൊണ്ട് കാതോലിക്കാ (മല്പ്രിയാനാ) ആയി വാഴിക്കേണ്ടതും, കാതോലിക്കാ (മല്പ്രിയാനാ) പരിശുദ്ധ പാത്രിയർക്കീസിനു ഇതിലെ വ്യവസ്ഥകൾക്കു വിരുദ്ധമാകാത്ത ശൽമൂസാ കൊടുക്കേണ്ടതുമാകുന്നു.

4 മലങ്കരയിൽ അപ്പോഴപ്പോൾ എപ്പിസ്ക്കോപ്പന്മാരെ വാഴിക്കുന്നതിനു കാതോലിക്കാസ്സ് (മല്പ്രിയാനാസ്സ്) അധികാരമുണ്ടായിരിക്കുന്നതാണ്.

5 മലങ്കരയുടെ ഭരണത്തിനു കാതോലിക്കായുടെ (മല്പ്രിയാനായുടെ) അദ്ധ്യക്ഷതയിൽ ഒരു എപ്പിസ്കോപ്പൽ സുന്നഹദോസ് ഉണ്ടായിരിക്കുന്നതാണ്.

6 കാതോലിക്കായുടെ (മല്പ്രിയാനായുടെ) പേരിൽ എന്തെങ്കിലും പരാതിയുണ്ടായാൽ ആയതു പരിശുദ്ധപാത്രിയർക്കീസിന്റെ മുമ്പിൽമാത്രം സമർപ്പിക്കേണ്ടതാകുന്നു. പരിശുദ്ധപാത്രിയർക്കീസ് അതിനെപ്പറ്റി ആരായുവാൻ തീരുമാനിക്കുന്നപക്ഷം ആയതു മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസ് വഴി നടത്തേണ്ടതാകുന്നു. ടി. സുന്ന

ഹദോസ്സ് പരാതിയിൽ അടങ്ങിയ സംഗതിയുടെയോ സംഗതികളുടെയോ വാസ്തവാവാസ്തവങ്ങളെപ്പററി തീരുമാനത്തിലെത്തേണ്ടതും പ: പാത്രിയർക്കീസിൻെറ വിധി അവസാന വിധിയായിരിക്കുന്നതുമാകുന്നു.

7 പരിശുദ്ധപാത്രിയർക്കീസിനാൽ കൂദാശചെയ്യപ്പെടുന്ന മൂറോൻമാത്രം മലങ്കരയിൽ ഉപയോഗിക്കേണ്ടതാകുന്നു.

8 ആണ്ടുതോറും റീശ്ശീസ്സാ മലങ്കരനിന്നു പാത്രിയർക്കീസിനു കൊടുക്കേണ്ടതാണ്.

9 (a) കാതോലിക്കായെ(മപ്രിയാനായെ) വാഴിക്കുന്നതിൽ കാലദൈർഘ്യം നേരിടുന്നതായാൽ മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസ് അതിൻെറ പ്രസിഡൻറ് മുഖാന്തിരം എപ്പിസ്കോപ്പന്മാരെ വാഴിക്കുന്നതു് ഒഴിച്ചുള്ള കാതോലിക്കായുടെ (മപ്രിയാനായുടെ) പ്രവൃത്തികൾ നടത്താവുന്നതാകുന്നു.

(b) കാതോലിക്കാ (മപ്രിയാനാ) സ്ഥാനത്തേയ്ക്കു തെരഞ്ഞെടുക്കപ്പെടുന്ന ആളെ വാഴിച്ചുകിട്ടുന്നതിനു അപ്രതീക്ഷിതമായി കാലതാമസം നേരിടുകയും അതിനുള്ളിൽ മെത്രാസന ഇടവകയ്ക്കു വൈധവ്യം സംഭവിക്കുകയും ചെയ്യുന്നതായാൽ മലങ്കര സുന്നഹദോസിനു ആ ഇടവകക്കു ഒരു എപ്പിസ്കോപ്പായെ വാഴിക്കാവുന്നതാകുന്നു. അങ്ങിനെ വാഴിക്കപ്പെടുന്ന എപ്പിസ്കോപ്പാ ശൽമൂസാ, വാഴ്ചയ്ക്കു മുൻപു് പരിശുദ്ധ പാത്രിയർക്കീസിനു കൊടുക്കേണ്ടതാണ്.

Mar Aphraim Seminary, Chingavanam,
12-1-1950.

Signed

E. John Philipose
V. O. Markose
N. P. Varghese
M. C. Mathew
Philipose Muthalaliy
M. Varkey
A. M. Thomas

N. V. Chacko.
Dr: M. O. Cherian.
C. K. Mani.
P. Mani.
T. U. Philipose.
Dr: P. T. Thomas.

II

വി. പാത്രിയർക്കീസ്ബാവാ തിരുമനസ്സുകൊണ്ടു് കല്പിച്ചയച്ച വ്യവസ്ഥകൾ.

മലങ്കരയിലെ സമാധാനത്തിനുവേണ്ടിയും ഇരുഭാഗക്കാരുടെയും മുട്ടിപ്പായ അപേക്ഷകളെ പരിഗണിച്ചും അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും സർവ്വോപരി ഭാഗ്യശാലിയായ മോറാൻ മാർ ഇഗ്നാത്തിയോസ് അപ്രേം പ്രഥമൻ പാത്രിയർക്കീസ് ഈ വ്യവസ്ഥകളെ നിശ്ചയിക്കുന്നു.

1. ശ്ലീഹന്മാരുടെ തലവനായ വി: മോർ പത്രോസിൻെറ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും പാത്രിയർക്കീസാകുന്നു, സത്യവിശ്വാസിനിയായ സുറിയാനിസഭ മുഴുവൻെറയും മഹാപ്രധാനാചാര്യനും പൊതുവിന്നടുത്തപിതാവും എന്നു് സുറിയാനിക്കാരായ എല്ലാ മലയാളത്തുകാരും വിശ്വസിക്കേണ്ടതാകുന്നു, ആകയാൽ അവരെല്ലാം അദ്ദേഹത്തിൻെറ കല്പനകൾക്കു് കീഴ്പ്പെട്ടിരിക്കണം. മലങ്കരസഭ മുഴുവനും അദ്ദേഹത്തിൻെറ അധികാരസീമയിൻ കീഴാകുന്നു. കുർബാനയിലും, പൌരോഹിത്യ ശുശ്രൂഷകളിലും മലങ്കരയിലെ എല്ലാ പള്ളികളിലും അദ്ദേഹത്തിൻെറ നാമം കാനോനികമായി ഉൽഘോഷിക്കപ്പെടണം.

2. ഇൻഡ്യയിലെ മലങ്കരസഭയുടെ സമാധാനത്തിനു് വേണ്ടി അന്ത്യോഖ്യാ പാത്രിയർക്കീസ് മപ്രിയോനൂസായുടെ അഥവാ കാതോലിക്കാസായുടെ ഉന്നതപദവി അതിനു് പ്രദാനം ചെയ്യാൻ നിശ്ചയിച്ചിരിക്കുന്നു. ആകയാൽ ഈ സ്ഥാനത്തേക്കു് തിരഞ്ഞെടുക്കപ്പെട്ട പാത്രിയർക്കീസിന്റെ കൈകളാൽ വ്യക്തിപരമായും കാനോനികമായും പട്ടം കെട്ടപ്പെടുന്ന ആൾ മലങ്കര മുഴുവന്റെയും, ഇൻഡ്യയുടെയും മപ്രിയാനാ ആയി ഉൽഘോഷിക്കപ്പെടണം.

3. 39 സംവത്സരങ്ങളായി മലങ്കരയിലുണ്ടായിരിക്കുന്ന ശീശ്മയുടെ ഉച്ചാടനത്തിനുവേണ്ടി പരസ്പരം മേലധികാരപദവികൾ പ്രാപിച്ചിരിക്കുന്ന ബഹുമാന്യ വ്യക്തികൾ ശ്ലൈഹികസിംഹാസനത്തിനു് കീഴ്വഴങ്ങിക്കൊണ്ടു് അവരെല്ലാവരും തങ്ങളുടെ തലവനുമൊരുമിച്ചു് പാത്രിയർക്കീസിൽനിന്നു് ന്യായാനുസൃതമായ കാനോനിക പ്രാർത്ഥനകളും, ഇടർച്ചയെ നീക്കിക്കളയുന്നവയും, പരിഹാരവും മോചനവും നൽകുന്നവയും, കോടതിയിൽ നിലവിലിരിക്കുന്ന സർവ്വ വ്യവഹാരങ്ങളേയും ഹനിക്കുന്നവയുമായ അധികാരപത്രവും (സുസ്താത്തിക്കോൻ) ശ്ലൈഹിക കല്പനകളും പ്രാപിപ്പാനായി അദ്ദേഹത്തിന്റെ അടുക്കൽ നിശ്ചയമായും സന്നിഹിതരാകുകയും അങ്ങിനെ പൂർണ്ണവും ആത്മാർത്ഥവുമായ സമാധാനം കൈവരികയും, മപ്രിയാനായ്ക്കു് തന്റെ സുന്നഹദോസുമൊരുമിച്ചുള്ള സൽഭരണത്തിനു് നിയമങ്ങൾ ക്രോഡീകരിക്കപ്പെടുകയും വേണം.

4. മപ്രിയാനാ സ്ഥാനത്തേക്കു് തിരഞ്ഞെടുക്കപ്പെടുന്ന. ദേഹം ഉത്തമ നടപടികളുള്ള എപ്പിസ്കോപ്പായായിരിക്കെ, മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസിനാൽ തിരഞ്ഞെടുക്കപ്പെടുകയും, അന്ത്യോഖ്യാ പാത്രിയർക്കീസിൽ നിന്നു കാനോനികമായ കൈവെപ്പു് പ്രാപിപ്പാനായി പാത്രിയർക്കാ അരമനയിൽ സന്നിഹിതനാകുമ്പോൾ ആദ്യമായി സഭയുടെ നിയമമനുസരിച്ചു് പാത്രിയർക്കീസിനു് ശൽമൂസാ എഴുതുകയും, തദനന്തരം പട്ടമേൽക്കുകയും വേണം. പാത്രിയർക്കീസാകട്ടെ അദ്ദേഹത്തിന്റെ പദവി

യും അധികാരസീമയും പ്രഖ്യാപിക്കുകയും നിർണ്ണയിക്കുകയും ചെയ്യുന്ന സുസ്താത്തിക്കോൻ അദ്ദേഹത്തിനു് എഴുതിക്കൊടുക്കുന്നതാണു്.

5. മലങ്കര മപ്രിയാനാ, അദ്ദേഹത്തിന്റെ സുസ്താത്തിക്കോൻ പ്രകാരം മലങ്കരയുടെ എട്ടു് ഭദ്രാസന ഇടവകകൾക്കും എപ്പിസ്കോപ്പന്മാരെ വാഴിക്കുന്നു. ഭദ്രാസനങ്ങൾ ഇവയാകുന്നു:- കോട്ടയം, അങ്കമാലി, കണ്ടനാട്ടു്, നിരണം, കൊല്ലം, കൊച്ചി, തുമ്പമൺ, ക്നാനായ ഇടവക. എന്നാൽ അദ്ദേഹത്തിനു് പ്രത്യേക ഇടവക ഉണ്ടായിരിക്കരുതു്. പാത്രിയർക്കീസിനാൽ ക്ഷണിക്കപ്പെടുമ്പോഴൊക്കെയും, ഇടക്കിടക്കു് ശക്ത്യാനുസരണവും കാലസ്ഥിതിയനുസരിച്ചും—ഏഴ വർഷത്തിൽ ഒരിക്കൽ— അദ്ദേഹം നേരിട്ടു് പാത്രിയർക്കാ അരമന സന്ദർശിക്കേണ്ടതാകുന്നു. പുതിയ പാത്രിയർക്കീസിന്റെ തിരഞ്ഞെടുപ്പു സുന്നഹദോസിൽ അദ്ദേഹം സന്നിഹിതനാവുകയും വേണം.

6. അന്ത്യോഖ്യാ പാത്രിയർക്കീസ് മലങ്കരസഭയുടെ ഭരണത്തിനു് മലങ്കര എപ്പിസ്കോപ്പന്മാരോടൊരുമിച്ചു് മുഖ്യാസനത്തിൽ പാത്രിയർക്കാ സ്ഥാനപതിയായ മെത്രാപ്പോലീത്തായുള്ള സുന്നഹദോസ് ഉണ്ടായിരിക്കുന്നതിനെ സാധൂകരിച്ചിരിക്കുന്നു. ഭദ്രാസനങ്ങൾ അവയുടെ എപ്പിസ്കോപ്പന്മാരെ തിരഞ്ഞെടുക്കേണ്ടതിനും, ആ തിരഞ്ഞെടുപ്പിന്റെ സാധൂകരണത്തിനും; മപ്രിയാനായുടെ അടുക്കൽ എപ്പിസ്കോപ്പായെ സംബന്ധിച്ച ഇടവകക്കാർ ബോധിപ്പിക്കുന്ന പരാതിയുടെ പരിശോധനക്കും തീരുമാനത്തിനും, മലങ്കരസഭയുടെ നന്മക്കും അഭിവൃദ്ധിക്കും സമാധാനത്തിനും വേണ്ടി ഉത്തമങ്ങളും യഥാർത്ഥങ്ങളുമായ അഭിപ്രായങ്ങളാൽ മപ്രിയാനായുടെ സഹായത്തിനു് ആയി ഈ സുന്നഹദോസ് മലങ്കര മപ്രിയാനായുടെ അദ്ധ്യക്ഷതയിൽ കാനോനികമായി കൂടുകയും മപ്രിയാനാ സുന്നഹദോസ് അദ്ധ്യക്ഷൻ എന്ന നിലയിൽ എപ്പിസ്കോപ്പന്മാരുടെ ഭൂരിപക്ഷാഭിപ്രായപ്രകാരം നയിക്കപ്പെടുകയും വേണം. ശ്ലൈഹികസ്ഥാനപതിയാകട്ടെ പാത്രിയർക്കാ സിംഹാസനത്തിൻ പേരിലുള്ള പള്ളികളും ദയറാകളും ഭരിച്ചുകൊള്ളണം.

7. സത്യവിശ്വാസം, വി: സുന്നഹദോസുകളുടെ പൂർവ്വിക കാനോനാകൾ, നമ്മുടെ സുറിയാനി ഭാഷയിൽ അനുഷ്ഠിക്കപ്പെടുന്ന പള്ളിക്രമങ്ങൾ, എന്നിവയെല്ലാം മപ്രിയാനായാലും എല്ലാം മേല്പട്ടക്കാരാലും സസൂക്ഷ്മം പരിപാലിക്കപ്പെടണം.

8. പ: മൂറോൻ, അന്ത്യോഖ്യാ പാത്രിയർക്കീസിനാൽ മാത്രം കൂദാശ ചെയ്യപ്പെടുന്നു. അന്ത്യോഖ്യാ സഭയുടെ ശേഷം വിഭാഗത്തെപ്പോലെ മലങ്കര സഭയും അതുപയോഗിക്കണം. ആകയാൽ ആവശ്യാനുസരണം മലങ്കരയിലേക്കു് മൂറോൻ കൊണ്ടുപോകേണ്ടതിനു് മപ്രിയാനാ ഒരു പുരോഹിതനെ യഥാകാലം അയക്കേണ്ടതാണു്.

9. മലങ്കരയുടെ ഏതെങ്കിലുമൊരു ഭദ്രാസനത്തിന്റെ എപ്പിസ്കോപ്പാസ്ഥാനത്തേക്കു് തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തി പട്ടം കെട്ടപ്പെടുന്നതിനുമുമ്പു് ആ ആളുടെ പേരു്, വയസ്സു്, വിദ്യാഭ്യാസയോഗ്യത, പെരുമാറ്റങ്ങൾ, ടിയാനെ തിരഞ്ഞെടുത്തിരിക്കുന്ന ഇടവക എന്നിവയെക്കുറിച്ചു് മപ്രിയാനാ പാത്രിയർക്കീസിനെ അറിയിക്കുകയും, അപ്രകാരം തന്നെ പട്ടം കൊടുത്തതിന്റെശേഷം അദ്ദേഹത്തിന്റെ പൈതൃകനാമം എഴുതി അയക്കുകയും വേണം. പുതിയ എപ്പിസ്കോപ്പാസ്സ് മപ്രിയോനായിൽനിന്നു് സുസ്താത്തിക്കോൻ നൽകപ്പെടണം.

10. ഒരു എപ്പിസ്കോപ്പായാലോ, പട്ടക്കാരാലോ, അത്മനികളാലോ മപ്രിയാനാ ഏതെങ്കിലും സംഗതിയിൽ കുറ്റമാരോപിക്കപ്പെടുമ്പോൾ ആ പരാതി വി. അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അടുക്കൽമാത്രം സമർപ്പിക്കപ്പെടണം. അതേക്കുറിച്ചു് അന്വേഷിക്കേണ്ടതു് ആവശ്യമായി വന്നാൽ ആയതു് മലങ്കര സുന്നഹദോസ് മുഖാന്തിരം ചെയ്യേണ്ടതാണു്. പരാതിയിൽ പറഞ്ഞിരിക്കുന്ന സംഗതികൾ സുന്നഹദോസ്സ് സ്ഥിരീകരിക്കുകയോ, നിരാകരിക്കുകയോ ചെയ്യും. ഭാഗ്യവാനായ മോറാൻ പാത്രിയർക്കീസ്സാകട്ടെ ഈ തീരുമാനങ്ങളെ അടിസ്ഥാനപ്പെടുത്തി വിധി കൽപ്പിക്കുന്നതുമാണു്. പാത്രിയർക്കീസിൽനിന്നും പുറപ്പെടുന്നതാകുന്ന ഈ സംഗതിയിലെ അന്ത്യവിധി. എന്നാൽ സുന്നഹദോസ്സ് മുഴുവനായി മപ്രിയോനായെക്കുറിച്ചു് പ

രാതിപ്പെടുകയാണെങ്കിൽ പാത്രിയർക്കീസ്സ് അന്ത്യോഖ്യൻ മെത്രാപ്പോലീത്തന്മാരുടെ സുന്നഹദോസ്സിന്റെ അഭിപ്രായപ്രകാരമല്ലാതെ വിധി കൽപ്പിക്കയില്ല.

11. മപ്രിയാനായാൽ, അദ്ദേഹത്തിന്റെ സുന്നഹദോസ്സു മുഖേന വിധിക്കപ്പെടുന്ന മലങ്കരയിലെ ഒരു ഇടവക എപ്പിസ്ക്കോപ്പാസ്സ് ശ്ലൈഹിക സിംഹാസനത്തിങ്കൽ, അതായതു്, അന്ത്യോഖ്യാ പാത്രിക്കീസിന്റെ സമക്ഷത്തുങ്കൽ അപ്പീൽകൊടുക്കുവാൻ ആഗ്രഹമുള്ളപക്ഷം ആയതിനു അവകാശമുണ്ടായിരിക്കുന്നതാണു്.

12 മലങ്കര മപ്രിയാനാ ഭദ്രാസനഇടവകകളുടെ എപ്പിസ്കോപ്പന്മാരിൽ ഒരാളെ തന്റെ സഹായകനായി നോമിനേറ്റു ചെയ്യുന്നു. ആയതു് കാതോലിക്കാ സിംഹാസനം വൈധവ്യം പ്രാപിക്കുന്നതിനിടയായാൽ, പുതിയ മപ്രിയാനാ ഉണ്ടാകുന്നതുവരെ സഭാഭരണത്തിനുവേണ്ടി ആ സഹായകൻതന്നെ സുന്നഹദോസിൽ അദ്ധ്യക്ഷം വഹിക്കേണ്ടതിനാകുന്നു.

13 മപ്രിയോനായുടെ വാഴ്ചക്കു് താമസം നേരിട്ടാലും വൈധവ്യം പ്രാപിക്കുന്ന ഭദ്രാസന ഇടവകക്കു് ഒരു എപ്പിസ്കോപ്പായെ വാഴിക്കുവാൻ ഈ എപ്പിത്രോപ്പാ (Nominee - പ്രതിനിധി)ക്കോ, മലങ്കര സുന്നഹദോസ്സിനോ യാതൊരുപ്രകാരത്തിലും അധികാരം ഇല്ലതന്നെ.

14. മലങ്കരസഭ റിശീസ്സായാകുന്ന വാർഷികഭോഗമായി പാത്രിയർക്കീസ്സിന്റെ ശ്ലൈഹിക സിംഹാസനത്തിനു് തക്കതും യോഗ്യവും ആയ തുക മപ്രിയാനായുടെ ആജ്ഞാനുസരണം എല്ലാ ഭദ്രാസന ഇടവകകളിൽനിന്നും പിരിക്കേണ്ടതും അദ്ദേഹം മുഖാന്തിരം അയക്കേണ്ടതും ആകുന്നു.

15 മലങ്കരയുടെ ഭരണത്തിനു് പുതിയ പ്രാദേശികനിയമങ്ങൾ, ഇൻഡ്യയുടെ മപ്രിയാനായാലും അദ്ദേഹത്തിന്റെ സുന്നഹദോസ്സിനാലും സ്ഥാപിക്കപ്പെടേണ്ടതായി വന്നാൽ, അവ അന്ത്യോഖ്യാപാത്രിയർക്കീസിനാൽ സ്ഥിരീകരിക്കപ്പെട്ടിരിക്കണം.

സിറിയായിൽ ഹോംസിലെ പാത്രിയർക്കാ അരമനയിൽനിന്നും ക്രിസ്താബ്ദം 1950 ഫെബ്രുവരി 24-ാംനു-

III

അന്ത്യോഖ്യായുടെ ഇഗ്നാത്തിയോസ് അപ്രേം പാത്രിയർക്കീസ്

(മുദ്ര)

നമ്മുടെ വന്ദ്യസഹോദരനും മലബാറിൽ നമ്മുടെ ശ്ലൈഹിക സിംഹാസനത്തിന്റെ പ്രതിനിധിയുമായി എത്രയും ബഹുമാന്യനായ മോർയൂലിയോസ് ഏലിയാസ് മെത്രാപ്പോലീത്തായ്ക്കു് പ്രാർത്ഥനകളും നമ്മുടെ കർത്താവിൽ സമാധാനവും ഉണ്ടായിരിക്കട്ടെ.

ഈ മാസം 11-ാം തീയതി എഴുതപ്പെട്ടതായ നമ്മുടെ മറുപടി നാം ക്രമപ്പെടുത്തിയ കാനോനുകളും വ്യവസ്ഥകളും ഉള്ളടക്കം ചെയ്തു് വിമാനതപാൽവഴി ഇന്നലെ നാം അയച്ചിട്ടുണ്ടു്. മനസ്സമാധാനത്തിനുവേണ്ടി ഇവയെക്കുറിച്ചു് കമ്പിയും നാം നിങ്ങൾക്കയയ്ക്കുന്നതാണു്. ഇപ്പോൾ നാം പറയുന്നതു്:- താങ്കൾ പീസ്‌ലീഗ് സെക്രട്ടറി ബ്യക്കിനെ തോമസ്സിനെ വിളിച്ചു് ഇക്കാര്യങ്ങൾ അയാളെ അറിയിക്കുക.

1. വർത്തമാനപ്പത്രങ്ങളും, ഫോട്ടോകളും ലീഗിന്റെ കത്തുകളും അയാളിൽനിന്നും അയാളുടെ സഖികളിൽനിന്നും, കൂടാതെ മാർച്ചുമാസം 6-ാം നു-ലെ അവസാനകമ്പിയും എല്ലാം യഥാകാലം നമുക്കു് കിട്ടി. അവയുടെ ആശയം വേണ്ടവണ്ണം നാം ഗ്രഹിച്ചു. ഇനിയും വേറെ എഴുത്തുകൾ ആവശ്യമില്ല.

2. നാം സഭയുടെ നിയമപ്രകാരം ഉടനെതന്നെ സ്ഥലത്തുള്ള സിംഹാസന മേൽപ്പട്ടക്കാർ എല്ലാവർക്കും എഴുതി അയക്കുകയും, അവരുമായി ആലോചിക്കുകയും, അമേരിക്കയിലെ സ്ഥാനപതിയായ മേൽപ്പട്ടക്കാരനൊഴിച്ചു് ശേഷം എല്ലാവരുടെയും മറുപടി നമുക്കു് ലഭിക്കുകയും ചെയ്തു. നമ്മുടെ അവസാന മറുപടിക്കുള്ള അല്പമായ താമസത്തിന്റെ കാരണം ഇതാണു്.

നമ്മുടെ മററു എല്ലാകാര്യങ്ങളിലും മേലായി ഇക്കാര്യത്തിൽ നാം വളരെ ഉത്സുകനായിരിക്കകൊണ്ടു് ഇനിയും വലിയ ധൃതിക്കു ആവശ്യമില്ല.

3. ഇടവകാദ്ധ്യക്ഷന്മാരും, വിശ്വാസികളും ആയ സർവ്വ മലങ്കരക്കാരെക്കാളും പതിന്മടങ്ങു് കൂടുതലായി മലങ്കരസഭയുടെ യഥാർത്ഥസമാധാനത്തിലും, കെട്ടുപണിയിലും, അഭിവൃദ്ധിയിലും ശ്ലൈഹികസിംഹാസനം അത്യാശയോടെ അഭിവാഞ്ചിക്കുന്നു. എന്നാൽ ഇന്നും, ഭാവികാലത്തിലും അചഞ്ചലമായ അടിസ്ഥാനത്തിന്മേൽ ആയിരിക്കുന്നെങ്കിൽ അല്ലാതെ സമാധാനത്തിനു് അതു് ഇഷ്ടപ്പെടുന്നില്ല. ഇതു നിമിത്തം മലങ്കരയിൽ രചിക്കപ്പെട്ട വ്യവസ്ഥകളെ ശരിപ്പെടുത്തി വിശദീകരിക്കുകയും നിയമാനുസൃതമായ വിധത്തിൽ ന്യായമായി അവയെ രചിക്കുകയും ചെയ്തു.

എന്തുകൊണ്ടെന്നാൽ അവയിൽ അധികവും ആയിരത്തിതൊള്ളായിരത്തി നാൽപത്തിരണ്ടു് ഇടവമാസം പതിനാറാം തീയതി രചിക്കപ്പെട്ട സിംഹാസനവ്യവസ്ഥകളിൽനിന്നു എടുക്കപ്പെട്ടതാകുന്നു. വീണ്ടും ഭിന്നതയിൽ അദ്ധ്യക്ഷ പദം പ്രാപിച്ചിട്ടുള്ളവരുടെമേൽ നാം നിമാനുസൃതമായ പ്രാർത്ഥനകൾ നടത്തേണ്ടതാകുന്നു എന്നും വിശദീകരിച്ചു. സത്യവിശ്വാസം, പള്ളിക്രമങ്ങൾ, നമ്മുടെ സുറിയാനിഭാഷ എന്നിവയുടെ സംരക്ഷണത്തെ നിർണ്ണയിച്ചു. എപ്പിസ്ക്കോപ്പാസ്ഥാനത്തേക്കു് തിരഞ്ഞെടുക്കപ്പെടുന്ന ആളിന്റെ പേരു്, സ്വഭാവം എന്നിവ അദ്ദേഹത്തിന്റെ വാഴ്ചക്കു് മുൻപു് പാത്രിയർക്കീസിനെ അറിയിക്കേണ്ടതാകുന്നു. മലങ്കരയിൽ ശിക്ഷിക്കപ്പെടുന്ന എപ്പിസ്ക്കോപ്പാ ആഗ്രഹിക്കുന്നപക്ഷം ശ്ലൈഹികസിംഹാസനത്തിങ്കൽ അപ്പീൽ ബോധിപ്പിക്കാം. ഇക്കാര്യങ്ങൾ എല്ലാ സഭകളിലും ഉള്ളതും, ക്രമത്തിനും, നീതിക്കും വളരെ പ്രയോജനം ചെയ്യുന്നവയും ആകുന്നു. മപ്രിയാനാ സിംഹാസനം ഒഴിവായിരിക്കുമ്പോൾ ഏതെങ്കിലും കാരണവശാൽ മലങ്കരസുന്നഹദോസു്, എപ്പിസ്ക്കോപ്പായെ വാഴിക്കുക എന്നതു് മാത്രം നാം അംഗീകരിച്ചിട്ടില്ല. ഇതു നമ്മുടെ സഭയുടെ ഖണ്ഡിതമായ നിയമത്തിനും, സുവിദിത

മായ പാരമ്പര്യത്തിനും അനുസൃതവും മലങ്കരമപ്രിയാനാ സ്ഥാനത്തിന്റെ അധികാരസംരക്ഷണത്തിനു വേണ്ടിയും കലുഷിതമായ ഇക്കാലത്തു രണ്ടോ മൂന്നോ എപ്പിസ്കോപ്പന്മാർക്കു് മപ്രിയാനാ സ്ഥാനത്തിന്റെ പദവിക്കുതന്നെ എതിരായി ഉണ്ടാക്കുവാൻ കഴിയുന്ന ഭിന്നതയിൽ നിന്നുള്ള സഭയുടെ വീണ്ടെടുപ്പിനുമാകുന്നു. ഈ നിയമം വിവേകമുള്ളവനു് ശ്ലൈഹികസിംഹാസനത്തിന്റെ നേർക്കു് അഭിനന്ദനത്തിനും കൃതജ്ഞതക്കും അർഹമാകുന്നു.

4 ശ്ലൈഹികസിംഹാസനം, അതിന്റെ അധികാരത്തിൽനിന്നു് അനേക അർഹതകളെ, മലങ്കര മുഴുവനും ഇൻഡ്യക്കും മപ്രിയാനാ ആയി വാഴിപ്പാനിരിക്കുന്ന ആൾക്കു് നിയമാനുസൃതം കൊടുപ്പാൻ അഗ്രഹിച്ചിട്ടു് ഈ സമാധാനപരിശ്രമത്തിൽ വളരെ താണിറങ്ങിയിട്ടുണ്ടു്. ആകയാൽ ഇടവകയിലെ വള്ളാടുകളും പെണ്ണാടുകളും കുഞ്ഞാടുകളും വലിയ നന്മപ്രാപിച്ചിരിക്കുന്നതിനു് ഇടയന്മാരുടെ ഇടയനും അപ്പോസ്തോല തലവന്റെ പ്രതിനിധിയും ആയവനു് ഹൃദയപൂർവ്വം കീഴടങ്ങിയിരിക്കുകയും ചെയ്യേണ്ടതാകുന്നു. മേൽപറയപ്പെട്ട സംഘടനയുടെ സെക്രട്ടറിക്കും, അദ്ധ്യക്ഷനും അംഗങ്ങൾക്കും നമ്മുടെ പൈതൃകപ്രാർത്ഥനകളെ ആശംസിക്കുകയും നാം അവരിൽ സന്തുഷ്ടനായിരിക്കുന്ന എന്നു് അവരെ അറിയിക്കുകയും ചെയ്യു. നാം ഇതു് സുറിയാനിയിൽ എഴുതിയതു് പ്രത്യേകിച്ചും അവർ ഇതു് നിഷ്പ്രയാസം വായിക്കേണ്ടതിനാകുന്നു. നമ്മുടെ കർത്താവായ യേശുമ്ശിഹാ തന്റെ കൃപയാൽ സർവ്വവൈദികന്മാരുടേയും വിശ്വാസികളുടെയും ഹൃദയങ്ങളെ ദർശിക്കുകയും തനിക്കു് പ്രീതികരമായ യഥാർത്ഥ സമാധാനത്തിങ്കലേക്കും തനിക്കു വാത്സല്യമുള്ള നിരപ്പിങ്കലേക്കും തന്റെ സഭമുഴുവനും ഏതൊന്നിനാൽ താൻ നിയമിച്ചുവോ ആ നിർമ്മലസ്നേഹത്തിങ്കലേക്കും അവരുടെ ചിന്തകളെ തെളിപ്പിക്കുകയും ചെയ്യേണ്ടതിനു് തന്നോടു് പ്രാർത്ഥിക്കുന്നു. കൃപ നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ.

ഹോംസ്
ക്രി: 1950 മാർച്ച് 14 } ആകാശങ്ങളിലിരിക്കുന്ന—

ചിങ്ങവനം വ്യവസ്ഥകളും അന്ത്യോഖ്യാ വ്യവസ്ഥകളും

ഒരു താരതമ്യ പഠനം.

മലങ്കരസഭയെ ദൈനംദിനമെന്നവണ്ണം അധഃപതിപ്പിച്ചുകൊണ്ടിരിക്കുന്ന ഭിന്നിപ്പും കക്ഷിവഴക്കുകളും ആരംഭിച്ചതോടുകൂടി തന്നെ സന്ധിശ്രമങ്ങളും തുടങ്ങി. പലപല ശ്രമങ്ങളും ഒന്നിനു പുറകെ ഒന്നായി പരാജയപ്പെട്ടു. ഇതരസഭകളുടെ മുമ്പിൽ നാം അവഹേളനാപാത്രമാകുവാൻ തക്ക വ്യവഹാരങ്ങളിൽ നമ്മുടെ സഭ കുടുങ്ങി. ഈ അത്യാഹിതത്തിൽ നിന്നു രക്ഷനേടുവാനുള്ള ശ്രമത്തിൽ പലമഹാരഥന്മാരും പരാജയമടഞ്ഞിയശേഷമാണു് കോട്ടയത്തേയും പരിസരദേശങ്ങളിലേയും സമുദായസ്നേഹികളായ ചില യുവജനങ്ങൾ "മലങ്കര യാക്കോബായ സഭാസമാധാന സംഘടന" (പീസ്‌ലീഗ്) എന്ന പേരിൽ സഭാസമാധാന ശ്രമത്തിനു് ഒരുങ്ങിയിറങ്ങിയതു്. ആദർശവാദികളായ യുവജനങ്ങളുടെ ഉദ്യമം തികച്ചും മാതൃകാപരവും അവരുടെ പുരോഗതി അഭിനന്ദനാർഹവും ആയിരുന്നു. സ്ഥാപിതതാല്പര്യങ്ങളുടെ നൂലാമാലകളാൽ ചുററപ്പെട്ട സമുദായപ്രമുഖന്മാർ ഇവരുടെ ശ്രമങ്ങൾക്കു ഒരുകുട്ടിക്കളിയിൽ കവിഞ്ഞ പ്രാധാന്യം നൽകിയില്ല. പല വീരയോദ്ധാക്കളുടെയും ഭഗീരഥ ശ്രമങ്ങളെപ്പോലും തകർത്തു കളഞ്ഞ ഈ തടങ്ങൽപാറയെ ഈ ചെറുപ്പക്കാർക്കു എങ്ങനെ അഭിമുഖീകരിക്കാൻ സാധിക്കുമെന്നുള്ള അത്ഭുതാപൂർവ്വശങ്കയാണു പലർക്കും ഉണ്ടായതു്.

ഇന്നിന്നരീതിയിൽ സഭാഭിന്നിപ്പു അവസാനിപ്പിക്കണം എന്നു യാതൊരു സുവ്യക്തനിർദ്ദേശവും കൊടുക്കുവാൻ പീസ്‌ലീഗിനു ഉണ്ടായിരുന്നില്ല. രണ്ടുഭാഗത്തുമുള്ള ആത്മായ നേതാക്കന്മാരുടെ സഹകരണ ശ്രമങ്ങൾ ഫലപ്രാപ്തിയിൽ എത്തുമെന്നു പീസ്‌ലീഗുകാർ അത്ര വി

ശ്വസിച്ചില്ല. അതിനാൽ പ്രമാണികളായി അറിയപ്പെടുന്നവരുടെയും ചില പ്രമുഖരെ (മററു ജീവിതസരണികളിൽ അവർ പ്രമുഖർ തന്നെയായിരിക്കാം) ആശ്രയിച്ചു പ്രവർത്തനം നടത്തുന്നതിനേക്കാൾ ഇരുഭാഗത്തുമുള്ള മേലദ്ധ്യക്ഷന്മാരെ ഒന്നിച്ചു ചേർത്തു ഒരു വട്ടമേശസമ്മേളനം നടത്താൻ സാധിക്കുമെങ്കിൽ അവർ കൂടിചെയ്യുന്ന തീരുമാനങ്ങൾ ആയിരിക്കും കാര്യസാദ്ധ്യത്തിനു കൂടുതൽ സഹായകം എന്ന ലീഗുകാർ തീരുമാനിച്ചു. വളരെ ചുരുങ്ങിയ കാലംകൊണ്ടു ലീഗിൻെറ ശാഖകൾ മലങ്കരയുടെ പലഭാഗത്തും സ്ഥാപിക്കുവാൻ സാധിച്ചു. അതിൻെറ ഫലമായി പൊതുജനങ്ങളുടെ ധാർമ്മികമായ പിൻതുണയോടുകൂടി ഇരുകക്ഷിമേലദ്ധ്യക്ഷന്മാരെ എല്ലാവിധത്തിലും മദ്ധ്യസ്ഥാനമായ ചിങ്ങവനം മാർ അപ്രേംസിമ്മനാരിയിൽ ഒരുമിച്ചു ചേർക്കുവാൻ ലീഗിനു സാധിച്ചു. ഇതു ലീഗിൻെറ ഒരു വലിയ വിജയമായി കണക്കാക്കാം.

1950 ജനുവരി 9-ാം൹ തിങ്കളാഴ്ച ആരംഭിച്ച വട്ടമേശസമ്മേളനത്തിൽ ആദ്യമായി താഴെ ചേർത്തിരിക്കുന്ന മൂന്നു അതിപ്രധാന വ്യവസ്ഥകൾ രൂപീകരിക്കുകയും ബാക്കി സംഗതികൾ പ. അന്ത്യോഖ്യാ പാത്രിയർക്കീസു ബാവായും കാതോലിക്കാ ബാവായുംകൂടി തീരുമാനിച്ചുകൊള്ളട്ടെ എന്നു ഇരുഭാഗവും സമ്മതിക്കുകയും ചെയ്തു.

1) വി. പത്രോസിൻെറ സിംഹാസനത്തിന്മേൽ വാഴുന്ന പാത്രിയർക്കീസുബാവാ തിരുമേനി സുറിയാനിസഭയുടെ ആത്മീക തലവനാകുന്നു.

2) ഇപ്പോൾ രണ്ടായി ഭിന്നിച്ചിരിക്കുന്ന മലങ്കര സഭയുടെ യോജിപ്പിനായി മലങ്കര സഭയെ വി. പാത്രിയർക്കീസുബാവാ തിരുമനസ്സുകൊണ്ടു ഒരു കാതോലിക്കേററ് (മപ്രിയാനേററ്) ആയി പ്രഖ്യാപനം ചെയ്യുന്നു.

3) ഈ തത്വങ്ങളെ അടിസ്ഥാനപ്പെടുത്തി മലങ്കരസഭയുടെ യോജിപ്പിനായി ബാക്കികാര്യങ്ങൾ വി. പാത്രിയർക്കീസുബാവാ തിരുമേനിയും കാതോലിക്കാബാവാ തിരുമേനിയും കൂടി യോജിച്ചു എത്രയും വേഗം ചെയ്യുന്ന തീരുമാനങ്ങൾ ഇരുഭാഗത്തേയും മെത്രാപ്പോലീത്തന്മാർ സ്വീകരിക്കുന്നു.

എന്നാൽ ഈ കൂടിക്കാഴ്ച മൂലം കാര്യങ്ങൾ തീരുമാനിക്കുന്നതിൽ കാലദൈർഘ്യമുണ്ടാകുവാൻ ഇടയുള്ളതിനാൽ മേൽപറഞ്ഞ വ്യവസ്ഥകളെ പ്രായോഗികമാക്കി സമാധാനം എത്രയും വേഗം കൈവരുത്തുവാനുള്ള സാദ്ധ്യതകളെപ്പററി ആലോചിക്കുവാൻ ലീഗുകാർ ഏതാനും അത്മായക്കാരെ 12—ാംതീയതി ചുമതലപ്പെടുത്തി. ഇങ്ങനെ ചുമതലപ്പെട്ടവർ വളരെ കഷ്ടപ്പെട്ടു് ഒരു രാത്രികൊണ്ടു് ഏതാനും സന്ധിവ്യവസ്ഥകൾ എഴുതി ഉണ്ടാക്കി. അവയാണു് ഇപ്പോൾ ചിങ്ങവനം വ്യവസ്ഥകളെന്നു് അറിയപ്പെടുന്നതു്. (അവസ്സു 1 എന്ന ഈ പ്രബന്ധത്തിൽ അക്കമിട്ടിരിക്കുന്നു.) ഈ വ്യവസ്ഥകൾ ചിങ്ങവനത്തു കൂടിയ മേലദ്ധ്യക്ഷന്മാർ ഉണ്ടാക്കിയതല്ലെന്നും അവരുടെ യോഗത്തിൽ പര്യാലോചിച്ചതല്ലെന്നും പാത്രിയർക്കീസു് ഭാഗത്തെ മാർ ദീവന്ന്യാസ്യോസു്, മാർ ഗ്രീഗോറിയോസു് എന്ന തിരുമേനിമാർ അപ്പോൾ തന്നെ പറയുകയും അവസ്സു ഒപ്പുവയ്ക്കുവാൻ ഇരുഭാഗം മേലദ്ധ്യക്ഷന്മാരും വിസമ്മതിക്കുകയും ചെയ്തു. ഉടനെ പീസ്സലീഗുകാർ നിരാഹാരവ്രതം പ്രഖ്യാപനം ചെയ്തു. അതോടുകൂടി അന്തരീക്ഷം പ്രക്ഷുബ്ദമായി. ആ സമയം കാതോലിക്കാബാവാ, താൻ പറഞ്ഞിട്ടാണു് ഈ വ്യവസ്ഥകൾ എഴുതിയതെന്നും അതുകൊണ്ടു താൻ ഒപ്പിട്ടുകൊടുക്കുമെന്നും പറയുകയും പാത്രിയർക്കീസു ബാവാക്കു അയച്ചുകൊടുക്കുവാൻ ഒരു പ്രതി ഒപ്പിട്ടു് അന്ത്യോഖ്യാ പ്രതിനിധിയെ അപ്പോൾ തന്നെ ഏൽപ്പിക്കുകയും ചെയ്തു. വേറൊരു പ്രതി തൻെറ കുറിപ്പോടുകൂടി പാത്രിയർക്കീസു് ബാവാക്കു നേരിട്ടയച്ചുകൊടുക്കാമെന്നും അദ്ദേഹം ഏററു. ഈ നടപടികളെല്ലാം രേഖപ്പെടുത്തി ഒരു പ്രമേയം വട്ടമേശസമ്മേളനത്തിൽ പാസ്സാക്കുകയും ആ നടപടിക്കു മേലദ്ധ്യക്ഷന്മാരെല്ലാവരും ഒപ്പുവയ്ക്കുകയും ചെയ്തു.

മേൽപ്പടി വ്യവസ്ഥകൾക്കു മേലദ്ധ്യക്ഷന്മാരെല്ലാവരും ഒപ്പിട്ടു എന്നൊരു വാർത്ത ആരോ പത്രങ്ങൾക്കു് കൊടുത്തും മററും മലങ്കര ഒട്ടുക്കു പ്രചരിപ്പിച്ചു. യഥാർത്ഥം പറഞ്ഞാൽ വ്യവസ്ഥകൾ ഉണ്ടാക്കിയതും അവസ്സു ഒപ്പിട്ടതും 1 അക്കത്തിൽ പറയുന്ന അത്മായക്കാരായിരുന്നു. വട്ടമേശസമ്മേളനത്തിലെ മേലദ്ധ്യക്ഷന്മാർ ആ വ്യവസ്ഥകളെ മുൻപറഞ്ഞവിധം വി. പാത്രിയർക്കീസുബാവാക്കു അയച്ചുകൊടുക്കണമെന്ന പ്രമേയം പാസ്സാക്കുകയും പ്രമേയത്തിൽ ഒപ്പുവയ്ക്കുകയും മാത്രമാണു് ചെയ്തതു്.

പീസ്‌ലീഗുകാർ ഈ യഥാർത്ഥം ആയിടയെങ്ങും വെളിപ്പെടു
ത്തിയില്ല. അതിനാൽ ഈ ദുഷ്പ്രചരണത്തിന്റെ ഉത്തരവാ
ദിത്വം അവർ തന്നെയാണ് ഏൽക്കേണ്ടത്.

വട്ടമേശസമ്മേളനം കഴിഞ്ഞ് അടുത്ത ദിവസം കാതോ
ലിക്കാബാവാ കോട്ടയം പഴയ സെമിനാരിയിൽവച്ചു പരസ്യമാ
യി പ്രസ്താവിച്ചത്, താൻ പീസ്‌ലീഗുകാരുടെയും മററും നിർ
ബന്ധംകൊണ്ടു ചിങ്ങവനം വ്യവസ്ഥകൾക്കു ഒപ്പുവച്ചതായി
രുന്നു എന്നാണ്. ഈ പരസ്യപ്രസ്താവന അനുചിതമായിപ്പോ
യെന്നു സ്വന്തം കക്ഷിയിലെ ചില മാന്യവ്യക്തികൾ ഉൽബോ
ധിപ്പിക്കുകയാൽ കാതോലിക്കാബാവാ വ്യവസ്ഥകളെ മടിക്കൂടാ
തെ വി. സിംഹാസനത്തിങ്കലേക്ക് അയച്ചുകൊടുത്തു. മാർ യൂ
ലിയോസു ബാവായും സമ്മേളന നിശ്ചയമനുസരിച്ചു ചിങ്ങവ
നം വ്യവസ്ഥകൾ അയച്ചുകൊടുത്തു. ഇതിന്റെശേഷം പ്രസ്തുത
വ്യവസ്ഥകൾ പാത്രിയർക്കീസുബാവാ തിരുമനസ്സുകൊണ്ട് അ
തേപടി സ്വീകരിച്ചില്ലെങ്കിൽ—അണുമാത്രമെങ്കിലും വ്യത്യാ
സം വരുത്തിയെങ്കിൽ—സമാധാനമുണ്ടാകയില്ലെന്നു കാതോലി
ക്കാ കക്ഷി പ്രമുഖരിൽ പലരും ഓരോ അവസരത്തിൽ പ്രഖ്യാ
പനം ചെയ്തുകൊണ്ടിരുന്നു. വി. സിംഹാസനത്തിങ്കൽനിന്നു
മറുപടികിട്ടാൻ താമസിക്കുന്നതായി കണ്ടു പീസ്‌ലീഗ് ഒരു
കാലാവധി (19—3—1950) നിശ്ചയിച്ചുകൊണ്ട്, അതിനകം
ചിങ്ങവനം നിശ്ചയങ്ങൾ അതേപടി സ്വീകരിച്ചുള്ള മറുപടി
വരാത്തപക്ഷം രാഷ്ട്രീയ കാര്യസാദ്ധ്യത്തിനുപയോഗിക്കുന്ന രീ
തിയിലുള്ള സമരപരിപാടിയിലേക്കു പ്രവേശിക്കുന്നതാണെന്നു
ഭീഷണിയും മുഴക്കുകയുണ്ടായി. ലീഗിന്റെ ശക്തിയെപ്പററി
ന്യായമായി ഉണ്ടാകാവുന്ന ആത്മാഭിമാനത്തിന്റെ പരിധിയെ
അതിലംഘിക്കുന്ന ഒരു ഗർവ്വം, അല്ലെങ്കിൽ ദൈവാശ്രയക്കു
റവു, ലീഗുപ്രവർത്തകരിൽ കടന്നുകൂടിയിട്ടല്ലയൊ ദൈവത്തി
ന്റെ സഭയ്ക്കും തന്റെ അഭിഷക്തർക്കും എതിരായുള്ള ഒരു ഭീ
ഷണി പ്രയോഗം അവരുടെ പ്രവർത്തനപരിപാടിയിൽ സ്ഥ
ലംപിടിച്ചതെന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഏതെങ്കിലുമാക
ട്ടെ അധികം താമസിയാതെ—ഈ ഭീഷണി പ്രയോഗത്തിനു
മുമ്പും പിമ്പുമായി—കാതോലിക്കാഭാഗത്തുള്ള നാലു ഭദ്രാസന
ഇടവകകളിലെയും പട്ടക്കാർ പ്രത്യേകം പ്രത്യേകം യോഗങ്ങൾ
കൂടി ചിങ്ങവനം വ്യവസ്ഥകൾ തങ്ങൾക്കു അസ്വീകാര്യമാ

ണെന്നു നിശ്ചയിച്ചു പരസ്യപ്പെടുത്തി. ഇതെ ആശയങ്ങൾ
ഉൾക്കൊള്ളിച്ചും കുറേക്കൂടെ ശക്തിയായ ഭാഷയിലും ചിങ്ങവ
നം വ്യവസ്ഥകൾക്കെതിരായി ഒരു ലഘുലേഖയും (സഭാസേവ
കൻ) അവർ പ്രസിദ്ധപ്പെടുത്തി. വട്ടമേശസമ്മേളനത്തിനു
ബീജാവാപംകൊടുത്ത കോട്ടയം പുത്തനങ്ങാടിപ്പള്ളിയിലെ മ
ഹായോഗത്തിൽ അദ്ധ്യക്ഷൻ പീററർ രാജകുമാരന്റെ സാന്നി
ദ്ധ്യത്തിൽ മന്ത്രി ശ്രീ. ഈ ജോൺപീലിപ്പോസു പ്രസംഗി
ച്ചതു്, മലങ്കരയുള്ള ഏതു സമാധാനശ്രമങ്ങളും വിജയപര്യവ
സായി ആകണമെങ്കിൽ വി. പാത്രിയർക്കീസുബാവാ കൂടി സ
മ്മതിക്കണമെന്നായിരുന്നു. അങ്ങനെയെങ്കിൽ ആ വി. പിതാ
വിന്റെ മറുപടി കൽപ്പനയ്ക്കായി ക്ഷമയോടെ കാത്തിരിക്കേ
ണ്ടതു സമാധാനത്തെ യഥാർത്ഥമായി കാംക്ഷിക്കുന്ന ഏവരുടെയും
കടമയായിരുന്നു. പ്രതിപക്ഷബഹുമാനമെന്ന സാമാന്യമര്യാദ
യ്ക്കുപോലും സ്ഥാനം നൽകാതെയാണ് വി. പാത്രിയർക്കീസു
ബാവായുടെ മറുപടിക്കൽപ്പന കാണുന്നതിനുമുമ്പു തന്നെ ചി
ങ്ങവനം വ്യവസ്ഥകൾ കാതോലിക്കാ കക്ഷികൾ തിരസ്കരിച്ച
തു്. എന്തെങ്കിലും കാരണം പറഞ്ഞു സമാധാനശ്രമങ്ങളെ തച്ചു
ടയ്ക്കുവാൻ കാതോലിക്കാ കക്ഷികൾ കച്ചകെട്ടിനിൽക്കുകയായി
രുന്നു എന്നു ഇതിൽനിന്നു തീർച്ചയാക്കാം.

മലയാളത്തെ ഈ പ്രക്ഷോഭണ കോലാഹലങ്ങൾ ഒന്നും
അറിയാതെ വി. പാത്രിയർക്കീസുബാവാ തന്റെ സുന്നഹദോ
സുമായി അവധാനപൂർവ്വം ആലോചിച്ചു ഒരു മറുപടി തയ്യാ
റാക്കി അയച്ചുതന്നു. (ഈ മറുപടിക്കു ഈ പ്രബന്ധത്തിൽ
ii എന്ന അക്കവും അതിന്റെകൂടെ അയച്ചുതന്ന കൽപ്പനയ്ക്കു
iii എന്ന അക്കവും ഇട്ടു ചേർത്തിരിക്കുന്നു. വി. സുന്നഹദോസു
മായി ആലോചിക്കേണ്ടിവന്നതുകൊണ്ടാണു മറുപടിക്കു അൽ
പ്പമായ താമസം നേരിട്ടതെന്നു iii അക്കം കൽപ്പനയിൽ പറ
യുന്നുണ്ടു്.) ചിങ്ങവനം വ്യവസ്ഥകളെ അതേപടി സ്വീകരി
ക്കാതെ അവയിൽ മൗലികവ്യത്യാസങ്ങൾ വരുത്തിയിട്ടുണ്ടെന്നും
അതിനാൽ ii അക്കം അന്ത്യോഖ്യാ വ്യവസ്ഥകൾ സമാധാന
ത്തിനു് അപര്യാപ്തമാണെന്നു ലീഗിനു ബോദ്ധ്യമായിരിക്കുന്നു
എന്നും ലീഗു പ്രസിഡണ്ടു തുടങ്ങിയിട്ടുള്ളവർ പ്രഖ്യാപനം ചെ
യ്യാൻ ഒട്ടും താമസിച്ചില്ല. ഇതു കാതോലിക്കാകക്ഷികൾക്കു ആ
ഹ്ലാദകാരണമായി. അവർ ലീഗിനെ ഒരു ആയുധമാക്കിക്കൊ

ന്നു് സമാധാനശ്രമങ്ങൾക്കു് എതിരായി കുപ്രചരണങ്ങൾ തുടങ്ങിയിരിക്കുകയാണു്. ചിങ്ങവനം വ്യവസ്ഥകളിൽ (i-1) വി. പാത്രിയർക്കീസിന്റെ സ്ഥാനമഹിമയെപ്പററി എന്തെല്ലാം പറഞ്ഞിരുന്നാലും ആ വി. പിതാവിനു യാതൊരു അവകാശാധികാരങ്ങളും വകവച്ചുകൊടുക്കുവാൻ തയ്യാറില്ല എന്നുള്ള പീസു ലീഗിന്റെ യഥാർത്ഥ ഉദ്ദേശ്യം അവരുടെ ഈ പ്രസ്താവനകൾ വെളിവാക്കുകതന്നെ ചെയ്യുന്നു. നിഷ്പക്ഷവാദികൾ എന്നു് അഭിമാനിക്കുന്ന ലീഗുകാർ തങ്ങളുടെ സഭയുടെ പ്രധാന മേലദ്ധ്യക്ഷൻ തന്നെ വി. സുന്നഹദോസിന്റെ വളരെനാളത്തെ ആലോചനയോടുകൂടി ഉണ്ടാക്കി അയച്ചിരിക്കുന്ന വ്യവസ്ഥകൾ അലക്ഷ്യമായി തള്ളിക്കളഞ്ഞിട്ടു, യാതൊരു മുൻആലോചനയും കൂടാതെ വട്ടമേശസമ്മേളന നടപടികൾ കണ്ടിട്ടു പോകുന്നതിനുമാത്രം കൌതുകപൂർവ്വം ചിങ്ങവനത്തുവന്ന ഏതാനും ആളുകളെ തൽക്കാലം കൂട്ടിച്ചേർത്തതനുസരിച്ചു് അവർ ഒരു രാത്രികൊണ്ടു് ഉറക്കമിളപ്പോടുകൂടി എഴുതി കൂട്ടിയ വ്യവസ്ഥകൾ അതേപടി സ്വീകരിക്കണമെന്നു ശഠിക്കുന്നതു് ഒരു വിധത്തിലും നീതീകരിക്കാവുന്നതല്ല.

അന്ത്യോഖ്യാ വ്യവസ്ഥകൾ സമാധാനത്തിനു് അപര്യാപ്തമാണെങ്കിൽ അവയിൽ അസ്വീകാര്യമായിട്ടുള്ളവ എന്താണെന്നും അവയെ എങ്ങനെ ഭേദപ്പെടുത്തണമെന്നും കാണിച്ചു് ഒരു മറുപടി ലീഗുകാർ തന്നെ തയ്യാറാക്കി വി. പിതാവിനു് അയച്ചുകൊടുക്കാമായിരുന്നു. ii അക്കത്തെപ്പററിയുള്ള കാതോലിക്കാഭാഗത്തിന്റെ അഭിപ്രായമെന്താണെന്നു ലീഗിന്റെ ഒരു യോഗത്തിൽ പാസ്സാക്കിയ നിശ്ചയം കാതോലിക്കായ്ക്കു് അയച്ചുകൊടുത്തുവെങ്കിലും അതിനു മറുപടി വാങ്ങുവാൻ ഇതേവരെ അവർ യാതൊരു ശ്രമവും ചെയ്തതായി അറിവില്ല.

1 അക്കവ്യവസ്ഥകൾ വി. സിംഹാസനത്തിങ്കലേക്കു അയച്ചുകൊടുക്കണമെന്നു പ്രമേയം പാസ്സാക്കിയ മേലദ്ധ്യക്ഷന്മാർക്കു ii അക്കവ്യവസ്ഥകളെപ്പററിയുള്ള അഭിപ്രായം എന്താണെന്നു രണ്ടാമതൊരു വട്ടമേശസമ്മേളനം വിളിച്ചുകൂട്ടിയോ മററോ അറിയുവാൻ ലീഗുകാർ ഉദ്ദേശിക്കുന്നില്ല. എന്നാൽ അനന്തരനടപടി എന്തായിരിക്കണമെന്നു നിശ്ചയിക്കുവാൻ ലീഗുകാർ ആറു അത്മായക്കാരെ ചുമതലപ്പെടുത്തി. അവരിൽ അഞ്ചുപേർ 125

മേടം 3-ാംതീയതി ഞായറാഴ്ച പള്ളിയിൽപോവുകപോലും ചെയ്യാതെ രാവിലെ ഒമ്പതുമണിമുതൽ പന്ത്രണ്ടര മണിവരെ കോട്ടയം മുസ്ലാവരി ബംഗ്ലാവിൽകൂടുകയും ചിങ്ങവനം വ്യവസ്ഥകൾ തന്നെ അതേപടി പാത്രിയർക്കീസു് ബാവായെക്കൊണ്ടു സമ്മതിപ്പിക്കുന്നതിനു ഒരു അന്ത്യശ്രമംകൂടി നടത്തണമെന്നും അതു സാദ്ധ്യമല്ലെങ്കിൽ സമുദായസ്വത്തുക്കൾ ഭാഗിച്ചെടുത്തു പിരിയണമെന്നും തീരുമാനിക്കുകയും ചെയ്തു. ഈ വ്യവസ്ഥകൾ കാതോലിക്കാഭാഗത്തെക്കൊണ്ടു സമ്മതിപ്പിക്കാമെന്നു ബ. മന്ത്രി ശ്രീ. പീലിപ്പോസ് ഏററപ്പോൾ ആ ഉറപ്പു ബ. മന്ത്രിയിൽനിന്നല്ല മി. ഇ. ജെ. പീലിപ്പോസിൽ നിന്നാണു കിട്ടേണ്ടതെന്നു ഡോ. പി. ററി. തോമ്മസ് പറഞ്ഞു. കൂടിയവരെല്ലാം മി. ഇ. ജെ. യുടെ മുഖത്തേക്കു നോക്കി. അദ്ദേഹം കുറേനേരം മൌനമായിരുന്നശേഷം താൻ ഈ ചോദ്യത്തിനു ഉത്തരം പറയുവാനല്ല അവിടെ ചെന്നതു എന്നൊരു കട്ടായം മറുപടി കൊടുത്തു എന്നാണറിയുന്നതു്. ഇതിന്റെ അർത്ഥം സുവിദിതമാണു്. ചിങ്ങവനം വ്യവസ്ഥകൾ വി. പാത്രിയർക്കീസുബാവാ അണുമാത്രവ്യത്യാസംപോലും വരുത്താതെ സ്വീകരിച്ചാലും കാതോലിക്കാകക്ഷികൾ സമാധാനത്തിനു വഴിപ്പെടുകയില്ലെന്നു അവരുടെ പ്രമുഖന്മാർ തീരുമാനിച്ചിരിക്കുന്നു എന്നാണു് അവരുടെ നിസ്സംശയ വക്താവായ മി. ഇ. ജെ. പീലിപ്പോസിന്റെ മേൽപ്പറഞ്ഞ മറുപടിയിൽനിന്നു തന്നെ മനസ്സിലാക്കാവുന്നതു്. ബ. മന്ത്രിയും മി. എം. സി. മാത്യുവും ചിങ്ങവനം വ്യവസ്ഥകൾ കാതോലിക്കാകക്ഷിയെക്കൊണ്ടു സമ്മതിപ്പിക്കാമെന്നു ഏററിരിക്കുന്നതായി കാണുന്ന പത്രപ്രസ്താവനകൾ അവരുടെ പച്ച പരമാർത്ഥതയെയോ സാധുക്കളെ കബളിപ്പിക്കുവാനുള്ള അവരുടെയോ കുതന്ത്രത്തെയോ ആണു വെളിപ്പെടുത്തുന്നതു്. ചിങ്ങവനം വ്യവസ്ഥകൾ വി. പിതാവു സ്വീകരിച്ചിരുന്നുവെങ്കിൽ തീർച്ചയായും മലങ്കര സഭയിൽ സമാധാനമുണ്ടാകുമായിരുന്നു എന്നുള്ള ബ. മന്ത്രിയുടെയും ലീഗിന്റെയും പ്രസ്താവനകൾക്കു യാതൊരു അർത്ഥവും ഉത്തമവിശ്വാസ്യമില്ല.

രണ്ടാം ഭാഗം

അടുത്തതായി ചിങ്ങവനം വ്യവസ്ഥകളും (1 അക്കം) അന്ത്യോഖ്യാവ്യവസ്ഥകളും (ii അക്കം) തമ്മിൽ ഒന്നു താരതമ്യവിവേചനം ചെയ്യട്ടെ.

മലങ്കരസഭയിൽ ഉൾഭരണസ്വാതന്ത്ര്യം അനുവദിച്ചുതരണമെന്നുള്ള ആഗ്രഹമാണ് 1 അക്കം 2 മുതൽ 6 വരെയും 9—ം വകുപ്പുകൾ ഉൾക്കൊള്ളുന്നത്. മലങ്കരസഭയും അന്ത്യോഖ്യാസിംഹാസനവും തമ്മിലുള്ള ബന്ധം എന്തായിരിക്കണമെന്നു അതിലെ 1, 3, 7, 8 വകുപ്പുകൾ നിശ്ചയിക്കുന്നു. ഇത്രയും സംഗതികൾ ഇരുകക്ഷികളും സമ്മതിക്കുന്നതാണ്. എന്നാൽ താഴെപ്പറയുന്ന വിഷയങ്ങളെപ്പററി ഇരുകൂട്ടം വ്യവസ്ഥകളും തമ്മിൽ അൽപ്പസ്വൽപ്പവ്യത്യാസങ്ങൾ ഉണ്ട്. അവയെ ഒന്നു അവഗ്രഥിക്കട്ടെ.

എ. മപ്രിയാന

i. മലങ്കരസഭയെ ഒരു മപ്രിയാനേററായി പ്രഖ്യാപിക്കണമെന്നു 1 അക്കം ആവശ്യപ്പെട്ടപ്പോൾ ii അക്കം "മലങ്കരസഭയുടെ സമാധാനത്തിനുവേണ്ടി അന്ത്യോഖ്യാപാത്രിയർക്കീസു മപ്രിയോനൂസായുടെ അഥവാ കാതോലിക്കാസായുടെ ഉന്നതപദവി അതിനു പ്രദാനം ചെയ്യുവാൻ നിശ്ചയിച്ചിരിക്കുന്നു.". (ii–2) "അന്ത്യോഖ്യാപാത്രിയർക്കീസ് സഭയുടെ ആത്മികതലവൻ" എന്നു (–1) ആണെന്നു സമ്മതിക്കുവാൻ തയ്യാറുള്ളവർക്കു തങ്ങളുടെസഭയ്ക്കു അദ്ദേഹം തരുവാൻ തീരുമാനിക്കുന്ന ഉന്നതപദവി അസ്വീകാര്യമായിരിക്കുകയില്ലല്ലൊ. മലങ്കരയ്ക്കുമാത്രം ഒരു മപ്രിയാനായെ ആവശ്യപ്പെട്ടപ്പോൾ മലങ്കര മുഴുവനും ഇൻഡ്യയ്ക്കുകൂടിയും അദ്ദേഹം അധികാരിയായിരിക്കും എന്നു കല്പിച്ചതു (i–2) എങ്ങിനെ അസ്വീകാര്യമായിരിക്കും ?

ii. ചിങ്ങവനം വ്യവസ്ഥ 3—ാംവകുപ്പു മപ്രിയാനായെ വാഴിക്കുന്നതുസംബന്ധിച്ചുള്ള നിബന്ധനഎന്തായിരിക്കുമെന്നുക്ലിപ്തപ്പെടുത്തുന്നു. ഇതിനു സമാന്തരമായുള്ള അന്ത്യോഖ്യാവ്യവസ്ഥകൾ 2, 4 വകുപ്പുകളാകുന്നു. രണ്ടു വ്യവസ്ഥകൾപ്രകാരവും മപ്രിയാനാ ആകേണ്ട ആളിനെ മലങ്കര എപ്പിസ്കോപ്പൽസുന്നഹദോസ് തെരഞ്ഞെടുക്കേണ്ടതും അദ്ദേഹത്തെ പാത്രിയർക്കീസു വാഴിക്കേണ്ടതും അദ്ദേഹം പാത്രിയർക്കീസിനു ശൽമൂസാ കൊടുക്കേണ്ടതുമാകുന്നു. സുന്നഹദോസു തെരഞ്ഞെടുക്കുന്ന ആളിനെ പാത്രിയർക്കീസു വാഴിക്കാതിരിക്കുമൊ എന്നൊരു സംശയം രണ്ടു വ്യവസ്ഥകളുടെയും രൂപീകരണത്തിൽ കടന്നിട്ടില്ല. ആ കാര്യത്തിൽ സഭയുടെ ആത്മികതലവനെ വിശ്വസിക്കാമെന്നാണു ചിങ്ങവ

നംവ്യവസ്ഥ നിശ്ചയിക്കുന്നത്. "രക്ഷാവ്യവസ്ഥ" (*Safety clause*) എന്നു പറയപ്പെടുന്ന ഈ പ്രശ്നം ഒരുകാലത്തു കുറെ ഒച്ചപ്പാടു ഉണ്ടാക്കിയതായിരുന്നെങ്കിലും അതിനു പരിഹാരം ദൈവത്തിൻെറ വിശുദ്ധസഭയുടെ പ്രധാന തലവനെ വിശ്വസിക്കുക എന്നുള്ളതാണെന്നു ബിഷപ്പ് പെക്കൻഹാംവാൾഷ് തിരുമേനി ഉപദേശിച്ചതനുസരിച്ചു ഇപ്പോൾ ആ വാദം ആരും ഉന്നയിക്കുന്നില്ല. 1939—ൽ അദ്ദേഹത്തിൻെറ അദ്ധ്യക്ഷതയിൽ കൂടിയ സമാധാനക്കമ്മററിയുടെയൊ 1941—ൽ കൂടിയ ആലുവാ വട്ടമേശസമ്മേളനത്തിൻെറയൊ, 1947—ൽ കാതോലിക്കാക്കക്ഷിയുടെമാനേജിംഗ് കമ്മററിയിൽനിന്നു രാജിയാലോചനയ്ക്കു നിശ്ചയിച്ച മെ. എം. പി. ജോസഫ്, കെ. എ. പൗലൂസ് എന്നിവർ 19—10—1947—ൽ തയ്യാറാക്കിയ മെമ്മോറാണ്ഡത്തിൻെറയൊ നിശ്ചയങ്ങളിൽ രക്ഷാവ്യവസ്ഥയ്ക്കു ഒരു വകുപ്പും വച്ചിട്ടില്ലാ. പരസ്പരവിശ്വാസമില്ലെങ്കിൽ മപ്രിയാനായുടെ കാര്യത്തിൽ തന്നെയല്ല വേറെ പലതിലും രക്ഷാവ്യവസ്ഥ ആവശ്യമായി വരും. മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസ് ഒരു ഭാഗവും മലങ്കര അസോസ്യേഷൻ അല്ലെങ്കിൽ മാനേജിംഗ് കമ്മററി വേറൊരു ഭാഗവുമായി പിണങ്ങി എന്നിരിക്കട്ടെ. പട്ടംകൊടകാര്യത്തിൽ സുന്നഹദോസ് നിസ്സഹരിക്കുന്നപക്ഷം ജനങ്ങൾക്കു എങ്ങിനെ മെത്രാന്മാരെയും പട്ടക്കാരെയും കിട്ടും? അസോസ്യേഷൻ മുഴുവൻ കൂടിയാലും പട്ടംകൊട നടത്തുവാൻ സാധിക്കുമൊ? ഒരു മെത്രാൻനിസ്സഹരിക്കുന്നപക്ഷം ഇടവകജനങ്ങൾക്കു കശീശ്ശാ പട്ടമൊ, ശെമ്മാശുപട്ടമൊ കൊടുക്കുവാൻ സാധിക്കുമൊ? ഇങ്ങനെ ആലോചിച്ചാൽ "രക്ഷാവ്യവസ്ഥ" എന്നതു ഒരു അനാവശ്യവാദമാണെന്നു കാണാവുന്നതാണ്.

iii. ചിങ്ങവനം വ്യവസ്ഥയിൽ (i–3) പാത്രിയർക്കീസു മപ്രിയാനായെ വാഴിക്കണമെന്നെ പറഞ്ഞിട്ടുള്ളു. അന്ത്യോഖ്യാവ്യവസ്ഥയിൽ (i–2) പാത്രിയർക്കീസു കാനോനികമായി വാഴിക്കണമെന്നുകൂടി ചേർത്തിട്ടുണ്ട്. ഈ കൂടുതൽഭാഗം നിയമത്തെ ബഹുമാനിക്കുന്ന യാതൊരുത്തനും അസ്വീകാര്യമായിരിക്കുകയില്ലല്ലൊ.

iv. പാത്രിയർക്കീസിനു മപ്രിയാനാ ശൽമൂസാ എഴുതി കൊടുക്കണമെന്നു രണ്ടു വ്യവസ്ഥകളും അനുശാസിക്കുന്നു. അതിനു

ള്ള സമയത്തെപ്പററി ചിങ്ങവനം വ്യവസ്ഥ മൌനം അവലംബിക്കുമ്പോൾ അന്ത്യോഖ്യാവ്യവസ്ഥ (ii-4) വാഴ്ച്ചയ്ക്കുമുമ്പു ശൽമൂസാ കൊടുക്കണമെന്നു സമയക്ലിപ്തം ചെയ്യുന്നു. അതിലെന്താണു ആക്ഷേപം?.

v. പാത്രിയർക്കീസു മപ്രിയാനായ്ക്കു കൊടുക്കേണ്ട സ്സാത്തിക്കോനെപ്പററി ചിങ്ങവനം വ്യവസ്ഥയിൽ ഒന്നും പറയുന്നില്ല. ആ കുറവു പരിഹരിച്ചുകൊണ്ടു മപ്രിയാനായുടെ പദവിയും അധികാരാതിർത്തിയും അറിയിക്കുന്നതും നിർണ്ണയിക്കുന്നതുമായ സ്സാത്തിക്കോൻ മപ്രിയാനായ്ക്കു കൊടുക്കണമെന്നു അന്ത്യോഖ്യാവ്യവസ്ഥ (ii-4) പ്രഖ്യാപനം ചെയ്യുന്നു.

ബി. എപ്പിസ്കോപ്പന്മാരുടെ വാഴ്ച.

ശീമയിൽ പോയി മേൽപ്പട്ടസ്ഥാനം സ്വീകരിക്കുന്നതിൽ വന്നുകൂടുന്ന ധനവ്യയവും കായക്ലേശങ്ങളും ലഘൂകരിക്കുന്നതിനാണല്ലോ എപ്പിസ്കോപ്പന്മാരെ വാഴിപ്പാൻ അധികാരമുള്ള മപ്രിയാനാ ഉണ്ടായിരിക്കണമെന്നു ചിങ്ങവനം വ്യവസ്ഥ (i-4) നിശ്ചയിച്ചിരിക്കുന്നതു്. അന്ത്യോഖ്യാവ്യവസ്ഥയിലും (ii-5) ഇതു സമ്മതിക്കുന്നു. എന്നാൽ ചിങ്ങവനം വ്യവസ്ഥകളിൽ നിശ്ശബ്ദമായിരിക്കുന്ന ചില അത്യാവശ്യസംഗതികൾ അന്ത്യോഖ്യാ വ്യവസ്ഥകളിൽ കൂടുതലായി ചേർത്തിരിക്കുന്നു. അവ എന്തെന്നാൽ:—

i. മലങ്കരെയുള്ള ഭദ്രാസനഇടവകകളുടെപേരുകൾ (ii-5)

ii. എപ്പിസ്കോപ്പന്മാർക്കു മപ്രിയാനാ സ്സാത്തിക്കോൻ കൊടുക്കണമെന്നുള്ളതു്. (ii-9)

സി. എപ്പിസ്കോപ്പൽ സുന്നഹദോസ്,

മലങ്കരസഭയ്ക്കു ഉൾഭരണസ്വാതന്ത്ര്യം ലഭിക്കുന്നതിനുള്ള ഉപാധിയാണു ഇവിടെ ഒരു എപ്പിസ്കോപ്പൽ സുന്നഹദോസ് ഉണ്ടായിരിക്കണമെന്നുള്ളതു്. രണ്ടു വ്യവസ്ഥകളിലും ഇതുസംബന്ധിച്ചുള്ള തുല്യമായ ഭാഗങ്ങൾ താഴെച്ചേർക്കുന്നു:—

i. സുന്നഹദോസിന്റെ അദ്ധ്യക്ഷൻ മപ്രിയാനാ ആയിരിക്കണം. (i-5; ii-6)

ii. മപ്രിയാനാ ആയി വാഴിക്കപ്പെടുന്ന ആൾ ഈ സുന്നഹദോസിനാൽ തെരഞ്ഞെടുക്കപ്പെടണം. (i-3; ii-4)

iii. മപ്രിയാനായുടെ പേരിലുള്ള പരാതിയെപ്പററി പാത്രിയർക്കീസു അന്വേഷണം നടത്തേണ്ടതു ഈ സുന്നഹദോസ് വഴിയായിരിക്കണം. (i-6; ii-10)

iv. പാത്രിയർക്കീസിന്റെവിധിസുന്നഹദോസിന്റെതീരുമാനത്തെ അടിസ്ഥാനപ്പെടുത്തി ആയിരിക്കണം. (i-6; ii-10)

v. പാത്രിയർക്കീസിന്റെ വിധി അവസാന വിധിയായിരിക്കണം. (i-6; i -10)

vi. മപ്രിയാനായുടെ അഭാവത്തിൽ മലങ്കര സുന്നഹദോസിനു സാധാരണ ഭരണകാര്യങ്ങൾ നിർവ്വഹിക്കാം. (i-9; ii-12)

എന്നാൽ അന്ത്യോഖ്യാ വ്യവസ്ഥകളിൽ ഈ വിഷയം സംബന്ധിച്ചു ചില കൂടുതൽ സംഗതികൾ ഉണ്ടു്. അവ ഏവയെന്നാൽ:—

i മപ്രിയാനായ്ക്കു തന്റെ സുന്നഹദോസുമൊരുമിച്ചുള്ള സൽഭരണത്തിനു നിയമങ്ങൾ ക്രോഡീകരിക്കപ്പെടണം. (ii-3)

ii ഉത്തമനടപടികളുള്ള എപ്പിസ്കോപ്പായെ ആയിരിക്കണം മലങ്കര സുന്നഹദോസ് മപ്രിയാനാ സ്ഥാനത്തേക്കു തെരഞ്ഞെടുക്കേണ്ടതു്. (ii-4)

iii മലങ്കര സുന്നഹദോസ് മപ്രിയാനായുടെ അദ്ധ്യക്ഷതയിൽ കൂടുന്നതു കാനോനികമായിട്ടായിരിക്കണം. (ii-6)

iv ആ സുന്നഹദോസ് തീരുമാനങ്ങൾ എപ്പിസ്കോപ്പന്മാരുടെ ഭൂരിപക്ഷാഭിപ്രായപ്രകാരമായിരിക്കണം. (ii-6)

v അന്ത്യോഖ്യാ പ്രതിനിധിക്കു സുന്നഹദോസിൽ മുഖ്യാസനമുണ്ടായിരിക്കണം. (i -6)

ഈ കൂടുതൽ ഭാഗങ്ങൾ എങ്ങനെ അസ്വീകാര്യങ്ങളും ദുർവ്വഹങ്ങളുമാണെന്നു നിഷ്പക്ഷബുദ്ധികൾ ആലോചിക്കട്ടെ.

ഡി. മപ്രിയാനായുടെ പേരിലുള്ള പരാതി.

ഈ പരാതി സമർപ്പിക്കേണ്ടതു പാത്രിയർക്കീസിന്റെ സന്നിധിയിൽമാത്രമായിരിക്കണമെന്നും, അതു സംബന്ധിച്ചുള്ള അന്വേഷണം മലങ്കര സുന്നഹദോസ് മുഖേന ആയിരിക്കണമെന്നും, പാത്രിയർക്കീസിന്റെ വിധി സുന്നഹദോസിന്റെ തീരുമാനങ്ങളെ അടിസ്ഥാനപ്പെടുത്തി ആയിരിക്കണമെന്നും, ആ വിധി അന്ത്യതീരുമാനമായിരിക്കണമെന്നും രണ്ടു വ്യവസ്ഥകളും സുവ്യക്തം ക്രമപ്പെടുത്തിയിട്ടുണ്ടെന്നു മേൽകണ്ടുവല്ലോ.

എന്നാൽ മലങ്കര സുന്നഹദോസ് മുഴുവനായി മപ്രിയാനായെപ്പററി പരാതിപ്പെടുന്നപക്ഷവും ചിങ്ങവനം വ്യവസ്ഥകൾ പ്രകാരം അന്വേഷണം നടത്തേണ്ടതും തീരുമാനത്തിലെത്തേണ്ടതും സുന്നഹദോസ് തന്നെയായിരിക്കണം. അതായതു വാദിതന്നെ ജഡ്ജിയായിരിക്കണമെന്നാണു ചിങ്ങവനം വ്യവസ്ഥ. ഇതു സാമാന്യനീതിക്കുപോലും ചേരുന്നതല്ലെന്ന് ആർക്കും അറിയാമല്ലൊ. ഈ ന്യൂനതയെ അന്ത്യോഖ്യാ വ്യവസ്ഥകൾ പരിഹരിച്ചിട്ടുണ്ട്. അവിടെ പറയുന്നത് അങ്ങനെയുള്ള സന്ദർഭത്തിൽ അന്ത്യോഖ്യൻ മെത്രാപ്പോലീത്തന്മാരുടെ സുന്നഹദോസിൻെറ അഭിപ്രായപ്രകാരമല്ലാതെ പാത്രിയക്കീസ് വിധി കൽപിക്കുകയില്ല എന്നാണ് (ii—10). ഇത് എത്രയോ യുക്തിയുക്തമാണ്.

ഇ. മപ്രിയാനായുടെ അഭാവത്തിൽ മലങ്കരസഭയുടെ ഭരണം

ചിങ്ങവനം വ്യവസ്ഥകളനുസരിച്ചു മലങ്കരസഭയുടെ ഭരണം എപ്പിസ്ക്കോപ്പൽ സുന്നഹദോസിലും അതിൻെറ അദ്ധ്യക്ഷനായ മപ്രിയാനായിലും സ്ഥിതിചെയ്യുന്നു. (i—5) എന്നാൽ മപ്രിയാനായുടെ അഭാവത്തിൽ സുന്നഹദോസിനു് ഒരു പ്രസിഡണ്ടു് ഉണ്ടായിരിക്കണമെന്നു് i—9–a–യിൽ കാണുന്നു. ഈ പ്രസിഡണ്ടിനെ ആരു്, എപ്പോൾ, എങ്ങനെ തെരഞ്ഞെടുക്കുന്നു എന്നു് ഒരിടത്തും പറഞ്ഞുകാണുന്നില്ല. ചിങ്ങവനം വ്യവസ്ഥയുടെ യഥാർത്ഥ നിർമ്മാതാക്കൾ ഈ സംഗതിയെപ്പററി ചിന്തിച്ചതായി കാണുന്നില്ല. അർദ്ധരാത്രി സമയത്തു് ഉറക്കപ്പിച്ചോടുകൂടിയിരുന്ന അവരുടെ ചിന്തയിൽ എല്ലാക്കാര്യങ്ങളും എത്തിയില്ലെങ്കിൽ അതിനു് അവരെ കുററംപറയേണ്ട ആവശ്യമില്ല. എന്നാൽ അന്ത്യോഖ്യാ വ്യവസ്ഥകൾ ഈ കുറവിനെ വേണ്ടവണ്ണം പരിഹരിച്ചിട്ടുണ്ടു്. മപ്രിയാനാ സിംഹാസനം വൈധവ്യം ഭവിക്കുന്നതുമുതൽ മലങ്കര സുന്നഹദോസ് ഒരു പ്രസിഡണ്ടിനെ തെരഞ്ഞെടുക്കുന്നതുവരെയുള്ള അന്തരാളഘട്ടം വിഷമം കൂടാതെ തരണം ചെയ്യുവാൻ അന്ത്യോഖ്യാ വ്യവസ്ഥകൾ നിശ്ചയിച്ചിരിക്കുന്നതു് മപ്രിയാനായുടെ ജീവിതകാലത്തുതന്നെ ഒരു സഹായിയെ നിയമിച്ചിരിക്കണമെന്നാണു്. (ii—12). ഇതു് എത്രയോ ബുദ്ധിപൂർവ്വമായ ഒരു മുൻകരുതൽ വ്യവസ്ഥയാണെന്നു് ആരോടും പറയേണ്ട ആവശ്യമില്ല.

എഫ്. അന്ത്യോഖ്യാസിംഹാസനവും മലങ്കരസഭയും തമ്മിലുള്ള ബന്ധം

അന്ത്യോഖ്യാ പാത്രിയക്കീസ് വി. പത്രോസിൻെറ സിംഹാസനത്തിന്മേൽ വാഴുന്നുവെന്നും അദ്ദേഹം ആകമാന സുറിയാനിസഭയുടെ ആത്മീക തലവനാകുന്നുവെന്നും ചിങ്ങവനം വ്യവസ്ഥകൾ (i—1) സമ്മതിക്കുന്നു. എന്നാൽ ആത്മീകതലവൻ എന്ന പദപ്രയോഗത്തിൽ അന്ത്യോഖ്യാ പാത്രിയക്കീസും മലങ്കര സഭയും തമ്മിലുള്ള ബന്ധത്തിൻെറ ദൃഢത അത്ര സുരക്ഷിതമല്ലാതാണിരിക്കുന്നത്. രാഷ്ട്രീയ സംഘടനകളുടെ നേതാവിൻെറ സ്ഥാനം (അതായതു് അനുയായികൾക്കു് ഇഷ്ടംപോലെ നീക്കാവുന്നനില) മാത്രമെ ചിങ്ങവനം വ്യവസ്ഥകൾ പാത്രിയക്കീസിനു് അനുവദിച്ചുകൊടുക്കുന്നുള്ളുവോ? അതോ അതിൽ കുറേക്കൂടി പരിപാവനവും ദൃഢതരവും ക്രിസ്തോപദേശാനുസരണവുമായ ഒരു ബന്ധം ഉള്ളതായി സമ്മതിക്കുന്നുവോ? ഈ ചോദ്യങ്ങളുടെ ശരിയായ ഉത്തരത്തിലാണു് സമാധാനശ്രമങ്ങളുടെ സാദ്ധ്യതകൾ മുഖ്യമായി ആശ്രയിച്ചിരിക്കുന്നതു്.

അന്ത്യോഖ്യാ വ്യവസ്ഥകളാകട്ടെ, ഈ ബന്ധം എങ്ങനെ ആയിരിക്കണമെന്നു് വ്യക്തമായി പ്രതിപാദിക്കുന്നു. ചിങ്ങവനം വ്യവസ്ഥകളിൽ ഇല്ലാത്തതായി അന്ത്യോഖ്യാ വ്യവസ്ഥകളിൽ ഇതുസംബന്ധിച്ചു കൂട്ടിച്ചേർത്ത പ്രധാനഭാഗങ്ങൾ ഇവയാണു്:—“...........പാത്രിയർക്കീസ്...........സുറിയാനി സഭ മുഴുവൻെറയും മഹാ പ്രധാനാചാര്യനും പൊതുവിന്നടുത്ത പിതാവും എന്നു് സുറിയാനിക്കാരായ എല്ലാ മലയാളത്തുകാരും വിശ്വസിക്കേണ്ടതാകുന്നു. ആകയാൽ അവരെല്ലാം........അദ്ദേഹത്തിൻെറ കൽപ്പനകൾക്കു കീഴ്പ്പെട്ടിരിക്കണം. മലങ്കരസഭ മുഴുവനും അദ്ദേഹത്തിൻെറ അധികാരസീമയിൻകീഴാകുന്നു.... മലങ്കരയിലെ എല്ലാ പള്ളികളിലും അദ്ദേഹത്തിൻെറ നാമം കാനോനികമായി ഉൽഘോഷിക്കപ്പെടണം.” (ii–1)

അന്ത്യോഖ്യാ വ്യവസ്ഥകൾ പ്രധാനമായി ആവശ്യപ്പെടുന്നതു് പാത്രിയർക്കീസ് സഭയുടെ മഹാപ്രധാനാചാര്യനും പൊതുവിന്നടുത്ത പിതാവും ആണെന്നു് വിശ്വസിക്കണമെന്നാണു്. ഈ വ്യവസ്ഥ ചിങ്ങവനം വ്യവസ്ഥയേക്കാൾ എത്രയോ മട

ങ്ങു വേദാനുസരണവും യുക്തിയുക്തവും ആണു്! പാത്രിയർക്കീ
സിൻെറ ഈ സ്ഥാനത്തെ സ്വീകരിപ്പാൻ മലങ്കരസഭ തയ്യാറു
ണ്ടെങ്കിൽ അദ്ദേഹത്തിൻെറ കൽപ്പനകൾക്കു് കീഴ്പെടുന്ന
തിനൊ അദ്ദേഹത്തിൻെറ അധികാരസീമയിൽ ഉൾപ്പെടുന്ന
തിനൊ അദ്ദേഹത്തിൻെറ നാമം പള്ളികളിൽ ശുശ്രൂഷമദ്ധ്യേ
ഉൽഘോഷിക്കുന്നതിനൊ ആരെങ്കിലും എതിരു പറയുമൊ? പ.
പത്രോസ് ശ്ലീഹായെ പിതാവെന്നു് സമ്മതിക്കുന്നവർക്കു് ത
ൻെറ പിൻഗാമിയുടെ പിതൃത്വത്തെ നിഷേധിക്കുവാൻ സാ
ധിക്കുകയില്ല. വി. പാത്രിയർക്കീസു് പിതാവും നാം അവിടു
ത്തെ മക്കളും ആണെന്നു് സമ്മതിക്കാത്തപക്ഷം അന്യോന്യ വി
ശ്വാസത്തോടുകൂടി നമുക്കു് പരിശുദ്ധസിംഹാസനത്തെ സമീ
പിക്കുവാനൊ അതിനു് കീഴ്പെട്ടിരിക്കുവാനോ നിവൃ
ത്തിയില്ല.

ഒരു അവിഭക്ത ഹിന്ദുകുടുംബത്തിൽ വസ്തുക്കളുടെ ഭരണം
നടത്തുന്നതിനുള്ള അധികാരം അതിൻെറ മാനേജരിൽ (കാര
ണവനിൽ) സ്ഥിതിചെയ്യുന്നു. എന്നാൽ ക്രിസ്ത്യൻ പിൻതുടർച്ച
നിയമം അനുസരിച്ചു് സ്വത്തിൻെറ കൈകാര്യത്തിൽ അനിയ
ന്ത്രിതമായ പരമാധികാരം പിതാവിൽ നിക്ഷിപ്തമായിരിക്കുന്നു.
പിതൃപുത്രബന്ധത്തിൽനിന്നു് ഉളവാകുന്ന അന്യോന്യവിശ്വാ
സത്തിൻെറയും സ്നേഹത്തിൻെറയും സ്വാഭാവിക പ്രവർത്തന
ത്തിലുള്ള ഉത്തമബോദ്ധ്യം നിമിത്തമാണു് ക്രിസ്ത്യൻ നിയമം
അനുസരിച്ചു് അനിയന്ത്രിത സ്വാതന്ത്ര്യങ്ങൾ ഒരു ക്രിസ്ത്യൻ
പിതാവിനു് നിയമം അനുവദിച്ചിരിക്കുന്നതു്. എന്നാൽ
ഹിന്ദുനിയമം അനുസരിച്ചു് കൂട്ടുകുടുംബം ഭരിക്കുന്ന ഒരു
മാനേജർക്കു് കുടുംബത്തിലെ മററംഗങ്ങളുമായി പിതൃപുത്ര
ബന്ധം പോലെയുള്ള സുദൃഢബന്ധവം ഉണ്ടായി
രിക്കുകയില്ല. പലപ്പോഴും മാനേജരുടെ പ്രത്യേക
താൽപര്യങ്ങൾ അന്യകുടുംബങ്ങളിലുള്ള കളത്രപുത്രാദികളോടു
ആയിരിക്കും. അതിനാൽ മാനേജരുടെ കുടുംബഭരണം ആ കുടും
ബത്തിലെ മററംഗങ്ങളുടെ താൽപര്യത്തിനു് ചേർന്നതല്ലാതെ
സംഭവിക്കാമെന്നതു് സ്വാഭാവികം മാത്രമാണു്. ഈ കാരണ
ത്താലാണു് മാനേജരുടെ പ്രവൃത്തികൾ കുടുംബത്തിൻെറ താ
ൽപര്യങ്ങൾക്കു ഹാനികരമെങ്കിൽ അവയെ ചോദ്യം ചെയ്യാനും
മാനേജർ നടത്തുന്ന ഇടപാടുകളെ അസ്ഥിരപ്പെടുത്തുവാനും ഉ

ള്ള സ്വാതന്ത്ര്യം അവിഭക്തകുടുംബഭരണം സംബന്ധിച്ചു് മററം
ഗങ്ങൾക്കു് നിയമം അനുവദിച്ചിരിക്കുന്നതു്. ക്രിസ്ത്യൻ പി
ന്തുടർച്ച നിയമത്തിൽ അംഗീകരിച്ചിട്ടുള്ള പൈതൃകസ്നേഹ
ത്തിൻെറ സ്വാഭാവ്യം ആസ്വദിക്കാൻ സാധിക്കാത്തിടത്തു്,
ചിങ്ങവനം വ്യവസ്ഥകളിൽ ക്രോഡീകരിച്ചിരിക്കുന്ന രീതി
യിൽ ഭംഗിക്കുവേണ്ടി ഒന്നാമത്തെ വകുപ്പിൽ പാത്രിയർക്കീസു്
ആത്മീക തലവൻ എന്നു പ്രഖ്യാപിക്കുകയും അദ്ദേഹം (ഹിന്ദു
കുടുംബ മാനേജരെപോലെ) മലങ്കരസഭയുടെ താൽപര്യങ്ങൾ
ക്കു് ഹാനികരമായി പ്രവർത്തിച്ചേക്കുമെന്നു് ശങ്കിച്ചിട്ടു് അ
തിനുള്ള പ്രതിവിധി നിർദ്ദേശിക്കുകയും ചെയ്തിരിക്കുതു് ആ
വശ്യമായിരിക്കാം. എന്നാൽ ഈ പരിപാവന പിതൃപുത്രബ
ന്ധം അംഗീകരിക്കപ്പെടുന്നെങ്കിൽ അനാവശ്യ ഭീതികൾ ഉണ്ടാ
യിരിക്കയില്ല. വി. സഭയുടെ തലവനും അതിലെ അംഗങ്ങളും
തമ്മിൽ ഉണ്ടായിരിക്കേണ്ട മാതൃകായോഗ്യമായ ബന്ധം എന്താ
യിരിക്കണമെന്നു് സ്പഷ്ടമായി പ്രതിപാദിക്കുന്ന ഭാഗങ്ങളാണു്
അന്ത്യോഖ്യാ വ്യവസ്ഥകളിൽ (ii–1) കാണുന്നതു്.

ജി. പരിശുദ്ധ മൂറോൻ

വി. സിംഹാസനവുമായുള്ള ബന്ധം തുടർന്നു പോകുവാൻ
വി. സിംഹാസനവുമായുള്ള ക്രൂദാശ ചെയ്യപ്പെടുന്ന
അന്ത്യോഖ്യാ പാത്രിയർക്കീസിനാൽ ക്രൂദാശ ചെയ്യപ്പെടുന്ന
മൂറോൻ മലങ്കര സഭ പൂർവ്വകാലംമുതൽക്കേ ഉപയോഗിച്ചുവരു
ന്നു. ആ പാരമ്പര്യത്തെ ഉപേക്ഷിച്ചവർ ചെയ്തതു് തെററാ
ണെന്നു് ചിങ്ങവനം വ്യവസ്ഥകൾ സമ്മതിക്കുന്നു. (i–7) ഇ
തിനു സമാന്തരമായി അന്ത്യോഖ്യാ വ്യവസ്ഥകളിൽ അന്ത്യോ
ഖ്യാ പാത്രിയർക്കീസിനാൽ മാത്രം മൂറോൻ ക്രൂദാശ ചെയ്യപ്പെടുന്നു
എന്നും മലങ്കരസഭ അതു ഉപയോഗിക്കണമെന്നും കാണുന്നു. (ii–8)

പരിശുദ്ധ പിതാവു കൂട്ടിച്ചേർത്ത ഒരു ഭാഗം മലങ്കരയി
ലേക്കു മൂറോൻ കൊണ്ടുപോകേണ്ടതിനു് മല്പ്രിയാനാ ഒരു പു
രോഹിതനെ യഥാകാലം അയയ്ക്കണമെന്നുള്ളതാണു്. മൂറോ
ൻെറ പരിശുദ്ധതയെ സംരക്ഷിക്കേണ്ടതിനും അതിൻെറ കൈ
കാര്യത്തിൽ യാതൊരു മാലിന്യവും ഉണ്ടാകാതിരിപ്പാനും ഈ
കൂട്ടിച്ചേർക്കൽ ആവശ്യമാണെന്നു് സമ്മതിക്കാത്തവർ നമ്മുടെ
സഭയിൽ ഉണ്ടായിരിക്കുമോ?

അന്ത്യോഖ്യാ വ്യവസ്ഥകളിൽ പുതുതായുള്ള വേറൊരു ഭാ

ഗം അന്ത്യോഖ്യാ സഭയുടെ ശേഷം വിഭാഗത്തെപ്പോലെ മലങ്ക
രസഭയും മൂറോൻ ഉപയോഗിക്കണമെന്നുള്ളതാണ്. ഇതു കേവ
ലം വാസ്തവോക്തി മാത്രമാണ്.

എച്ച്. റിശീസാ

ഇത് പരിശുദ്ധ സിംഹാസനത്തിങ്കലേക്കു ആണ്ടുതോറും
കൊടുക്കണമെന്ന് രണ്ടു വ്യവസ്ഥകളും നിർബന്ധിക്കുന്നു. (i–8;
ii–14) അന്ത്യോഖ്യാ വ്യവസ്ഥയിൽ കൂട്ടിചേർത്തത് "മപ്രിയാ
നായുടെ ആജ്ഞാനുസരണം എല്ലാ ഭദ്രാസന ഇടവകകളിൽ
നിന്നും റിശീസാ പിരിക്കേണ്ടതും അദ്ദേഹം മുഖാന്തിരം അയ
ക്കേണ്ടതുമാകുന്നു" എന്നുള്ള ഭാഗമാണ്. ശ്ലൈഹിക സിംഹാസ
നത്തിനു അവകാശപ്പെട്ട ഈ വാർഷിക ഭോഗം കൊടുക്കുവാ
നുള്ള ബാദ്ധ്യത ആരിൽ നിക്ഷിപ്തമായിരിക്കുന്നു എന്ന് വ്യക്ത
മാക്കിയത് അതു കൊടുക്കുവാൻ മനസ്സുള്ളവർക്ക് അസ്വീകാര്യ
മായി വരികയില്ലല്ലോ.

ഐ. മപ്രിയാനായുടെ ശൽമൂസോ

മപ്രിയാനാ ചിങ്ങവനം വ്യവസ്ഥകൾക്ക് വിരുദ്ധമാകാ
ത്ത ശൽമൂസോ പാത്രിയർക്കീസിനു കൊടുക്കണമെന്നാണ് ചി
ങ്ങവനം വ്യവസ്ഥ മൂന്നാംവകുപ്പ് (i–3) ഇതിനെക്കാൾ എത്ര
യോ മാന്യമേറിയതാണ് "സഭയുടെ നിയമം അനുസരിച്ചു പാ
ത്രിയർക്കീസിനു ശൽമൂസോ നൽകണ"മെന്നുള്ള അന്ത്യോഖ്യാ
വ്യവസ്ഥ. (ii–4)

മൂന്നാംഭാഗം

ഇനിയും ചിങ്ങവനം വ്യവസ്ഥകളിൽ ഇല്ലാത്തവയും എ
ന്നാൽ മുമ്പ് എടുത്തു പറയാത്തവയായി അന്ത്യോഖ്യാ വ്യവസ്ഥ
കളിൽ ഉള്ളവയുമായ ഏതാനും സംഗതികളെപ്പററി ചിന്തിക്കാം.

1) മപ്രിയാനാക്കു പ്രത്യേക ഇടവക ഉണ്ടായിരിക്കരു
ത്. (ii–5)

ഇതു മപ്രിയാനായുടെ അന്തസ്സ് പാലിക്കുന്നതിനും നി
ഷ്പക്ഷമായി എല്ലാ ഭദ്രാസനങ്ങളേയും ഭരിക്കുന്നതിനും ആവ
ശ്യമാണെന്നു സമ്മതിക്കാത്തവർ കാണുമെന്നു തോന്നുന്നില്ല. ഇ
പ്പോഴത്തെ കാതോലിക്കാക്കും പ്രത്യേക ഇടവകയില്ല.

2) മപ്രിയാനാ ഇടക്കിടക്കു പാത്രിയർക്കീസിനെ നേ
രിട്ടു സന്ദർശിക്കണമെന്നും പുതിയ പാത്രിയർക്കീസിൻെറ തെ
രഞ്ഞെടുപ്പുസുന്നഹദോസിൽ സന്നിഹിതനാകണമെന്നും.(ii–5)

മപ്രിയാനർ ശക്ത്യാനുസരണവും കാലസ്ഥിതിയനുസരിച്ചും
ഏഴുവർഷത്തിലൊരിക്കൽ തൻെറ സഭയുടെ പരമാധികാരിയെ
സന്ദർശിക്കുന്നതു സഭയുടെ ഐക്യത്തിനും പരസ്പരസ്നേഹ ബ
ഹുമാനങ്ങളുടെ സ്ഥിരീകരണത്തിനും ഏററവും ആവശ്യമാകയാ
ലും ഇതര സഭകളിൽ ഇങ്ങനെ ഒരു നടപ്പു മുമ്പിനാലെയുള്ളതു
കൊണ്ടും ഈ വ്യവസ്ഥയെ ആരും കുററപ്പെടുത്തുകയില്ലെന്നു വി
ശ്വസിക്കുന്നു.

3) മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസിൽ പാത്രി
യർക്കാ സ്ഥാനപതിക്കു ശേഷം എപ്പിസ്കോപ്പന്മാരോടൊരുമിച്ചു
ഒരു മുഖ്യാസനമുണ്ടായിരിക്കണം. (i–6)

പാത്രിയർക്കീസിനെ പിതാവായിട്ടും പരമാധികാരിയാ
യിട്ടും സ്വീകരിക്കുവാൻ തയ്യാറുള്ളവർക്കു അദ്ദേഹത്തിൻെറ പ്രതി
നിധിയുടെ സാന്നിദ്ധ്യംഒരിക്കലും തിക്തമായിരിക്കാൻ ഇടയില്ല.
ഈ പ്രതിനിധിയുടെ ആലോചനശേഷം എപ്പിസ്കോപ്പന്മാർക്കു
പ്രയോജനപ്പെടുമെന്നു മാത്രമല്ല അദ്ദേഹത്തിൻെറ ഏക വോട്ടു
കൊണ്ടു ഭയപ്പെടാനുമൊന്നുമില്ല.

4) സിംഹാസനപ്പള്ളികൾ, ദയറാകൾ മുതലായവയുടെ
ഭരണം അന്ത്യോഖ്യാ പ്രതിനിധിയെ ഏൽപ്പിച്ചിരിക്കുന്നു. (ii–6)

ശത്രുരാജ്യങ്ങളിൽ ഉൾപ്പെടാത്ത ഏതൊരു പൗരനും ഭാ
രതഖണ്ഡത്തിൽ വസ്തു സമ്പാദിക്കുന്നതിനൊ സ്ഥാപനങ്ങൾ
നടത്തുന്നതിനൊ സ്വാതന്ത്ര്യമുണ്ടെന്നു നമ്മുടെ രാഷ്ട്രത്തിൻെറ
പുതിയ മതേതരഭരണഘടനയിൽ വ്യവസ്ഥചെയ്തിരിക്കുന്നു.
ആ സ്ഥിതിക്കു വി. അന്ത്യോഖ്യാ സിംഹാസനത്തിൽനിന്നു
കുറെ സ്ഥാപനങ്ങൾ മലയാളത്ത് ഏർപ്പെടുത്തുന്നതിൽ ആർ
ക്കാണു വിരോധം പറയാനുള്ളത്.? നേരെമറിച്ച് എല്ലാവരും
അതിനെ സ്വാഗതം ചെയ്യുകയേയുള്ളു. സ്ഥാപനങ്ങൾ ഏർ
പ്പെടുത്തുന്നതിനുള്ള അവകാശം ലഭിക്കുന്നതിനോടൊപ്പംതന്നെ
അവയെ ഭരിക്കുന്നതിനുള്ള സ്വാതന്ത്ര്യവും അനിയന്ത്രിതമായി
അവയുടെ ഉടമസ്ഥനിൽ സ്ഥിതി ചെയ്യുന്നു.

5) സത്യവിശ്വാസം, വ. സുന്നഹദോസുകളുടെ പൂർവ്വിക

കാനോനാകൾ, സുറിയാനിഭാഷയിൽ അനുഷ്ഠിക്കപ്പെടുന്ന പ
ള്ളിക്രമങ്ങൾ എന്നിവ മലങ്കരയിലായും എല്ലാ മേൽപ്പട്ടക്കാരും
സസൂക്ഷ്മം പരിപാലിക്കണം. (i–7)

ഈ വ്യവസ്ഥയിൽ അസ്വീകാര്യമായി എന്താണുള്ളത്?
അതു എല്ലാവർക്കും വേണ്ടതല്ലേ?

6) എപ്പിസ്കോപ്പാ സ്ഥാനാർഹനെപ്പററിയുള്ള വിവര
ങ്ങൾ വാഴ്ചയ്ക്കു മുമ്പ് മലങ്കരയിലാനാ പാത്രിയർക്കീസിനെ അറി
യിക്കണം. (ii–8)

എപ്പിസ്കോപ്പാ സ്ഥാനാർഹൻെറ യോഗ്യതകൾ, സ്ഥാനനാ
മം ആദിയായവ സഭയുടെ ഐക്യം പരിപാലിക്കുന്നതിനു സ
ഭയുടെതലയാകുന്ന പ്രധാന മേലദ്ധ്യക്ഷൻ അറിവാൻ ആഗ്രഹി
ക്കുന്നതു തെററാണെന്നു ആ മേലദ്ധ്യക്ഷസ്ഥാനത്തെ ആദരിക്കുന്ന
വരാരും പറയുകയില്ലതന്നെ.

കൂടാതെ, മലങ്കരസഭയിൽ എപ്പിസ്കോപ്പന്മാരെ വാഴിക്കുന്ന
അവസരങ്ങളിൽ പ. സിംഹാസനത്തിൻെറ അനുമതി മുമ്പു
കൂട്ടി വാങ്ങണമെന്നു അന്ത്യോഖ്യാ വ്യവസ്ഥകളിൽ ഒരിടത്തും
നിർദ്ദേശിക്കുന്നില്ല. മാത്രമല്ല ഇവിടെ വാഴിക്കപ്പെടുന്ന എ
പ്പിസ്കോപ്പാക്കു സ്ഥാത്തിക്കോൻ നൽകേണ്ടതു മലങ്കരയിലാനാ ആണെ
ന്നും വ്യക്തമാക്കിയിരിക്കുന്നു. (ii–9) റോമ്മാസഭയിൽ മാർപ്പാ
പ്പാ മെത്രാന്മാരെ എപ്പോഴും വാഴിക്കുന്നില്ലെങ്കിലും മാർപ്പാപ്പാ
യാണു സ്ഥാനാർഹനെ എപ്പോഴും നിയമിക്കുന്നതെന്നുള്ളതു
സ്മരണീയമാണ്. എപ്പിസ്കോപ്പന്മാരുടെ വാഴ്ച സംബന്ധിച്ചുള്ള
ii അക്കം നിർദ്ദേശങ്ങളെ ദുർവ്യാഖ്യാനം ചെയ്‌വാൻ ദുർബു
ദ്ധികൾക്കുപോലും വഴി കാണുകയില്ല.

7) മലങ്കര സുന്നഹദോസിനാൽ വിധിക്കപ്പെടുന്ന ഒരു
ഇടവക എപ്പിസ്കോപ്പാക്കു ലൗകിക സിംഹാസനത്തിങ്കൽ
അപ്പീൽ ബോധിപ്പിക്കാൻ അവകാശമുണ്ട്. (ii–11)

പാത്രിയർക്കീസിനെ കൂട്ടുകുടുംബവസ്തുക്കളുടെ മാനേജരെ
പ്പോലെ വീക്ഷിക്കുന്നവരിൽ ഈ വ്യവസ്ഥ വളരെ അധികം
ആശങ്ക ഉളവാക്കിയേക്കാം. എന്നാൽ അദ്ദേഹത്തെ ഒരു മഹാപ്ര
ധാനാചാര്യനെന്നോ പിതാവെന്നോ ഗണിക്കുന്നവർക്കു ഈ
വ്യവസ്ഥ ഒട്ടും അസ്വീകാര്യമായിരിക്കയില്ല. ഒരു കേസ്സിലെ ഇരു
പക്ഷക്കാരും അപ്പീൽ കോടതിയിൽ സമർപ്പിക്കുന്ന സകല

വാദമുഖങ്ങളും ആവശ്യമായ രേഖകളും കീഴ്കോടതിയുടെ
വിധിയിൽ അടങ്ങിയിരിക്കുന്ന ന്യായവാദങ്ങളും സൂക്ഷ്മമായി
പരിശോധിച്ചശേഷമെ അപ്പീൽ വിധി പ്രസ്താവിക്കുകയുള്ളു
എന്നാണ് "അപ്പീൽ" എന്നതിൽ അടങ്ങിയിരിക്കുന്ന മൗലിക
സിദ്ധാന്തം. അതിനാൽ നിഷ്പക്ഷമായും ന്യായത്തെ മാത്രം
ആശ്രയിച്ചുമുള്ള കീഴ്ക്കോടതി വിധികൾക്കു ഒരു അപ്പീലി
നെ ഭയപ്പെടേണ്ട യാതൊരാവശ്യവുമില്ല. എന്നാൽ നിരുത്തര
വാദപരമായി വിധി പറയുവാനുള്ള ഒരു ന്യായാധിപൻെറ
ദുസ്വാതന്ത്ര്യത്തെ വളരെ അധികം നിയന്ത്രിക്കുന്ന
താണ് കക്ഷികളുടെ അപ്പീലവകാശം. മാത്രമല്ല, ന്യായമായ ഒരു
കീഴ്ക്കോടതി വിധിയിന്മേൽ അപ്പീലിനു പുറപ്പെടുന്നതു മൗ
ഢ്യത്തിൻെറ പാരമ്യവുമായിരിക്കും. ഇത്രയും സാമാന്യതത്വ
ങ്ങൾ അറിവുള്ള ഏവനും അന്ത്യോഖ്യാവ്യവസ്ഥകളിൽ ഉൾക്കൊ
ള്ളിച്ചിരിക്കുന്ന അപ്പീൽ അവകാശത്തെ സ്വാഗതം ചെയ്കതന്നെ
ന്നെ ചെയ്യും.

ii അക്കത്തിലെ അപ്പീൽ അവകാശം സുന്നഹദോസുമു
ഖേന വിധിക്കപ്പെടുന്ന ഒരു ഇടവക എപ്പിസ്കോപ്പാക്കു മാത്രമ
ല്ലാതെ പരാതി പുറപ്പെടുവിക്കുന്ന കക്ഷിക്കു (വാദിഭാഗത്തിനു)
അനുവദിച്ചിട്ടില്ല. സുന്നഹദോസിൽ നിന്നു നിർദ്ദോഷിയെന്നു
വിധിക്കപ്പെടുന്ന ഒരു എപ്പിസ്കോപ്പായെ ശിക്ഷിക്കാനായി വി.
പാത്രിയർക്കീസിൻെറ മുൻപാകെയുള്ള അപ്പീൽ പ്രയോഗിക്കപ്പെ
ടാവുന്നതല്ലാ എന്നതാണ് ഈ അന്ത്യോഖ്യാവ്യവസ്ഥയുടെ ഒരു
വൈശിഷ്ട്യം.

പക്കൻഹാംവാൽഷ് ബിഷപ്പുതിരുമേനിയുടെ അദ്ധ്യക്ഷ
തയിൽ ചേർന്ന സമാധാനക്കമ്മറ്റി എഴുതിയുണ്ടാക്കിയ വ്യവ
സ്ഥകളിൽ 11–ാം വകുപ്പും ആലുവാ വട്ടമേശസമ്മേളനവ്യവസ്ഥ
കളിൽ 4–ാം വകുപ്പും മെത്രാന്മാരുടെ ഈ അപ്പീൽ അവകാശ
ത്തെ സംരക്ഷിക്കുന്നുണ്ട്.

മെത്രാന്മാരുടെ വ്യക്തിപരമായ അഭിപ്രായം ഈ വ്യവ
സ്ഥക്കു അനുകൂലമായിവരാനെ തരമുള്ളു. അവരോടു രഹസ്യമാ
യി ചോദിച്ചാൽ ഈ വാസ്തവം അറിയാം.

8) മലങ്കരയിലാനാസിംഹാസനം വൈധവ്യം പ്രാപിക്കുന്ന
തിനിടയായാൽ പുതിയ മലങ്കരയിലാനാ ഉണ്ടാകുന്നതുവരെ സുന്നഹ
ദോസിൽ ആദ്ധ്യക്ഷം വഹിച്ചു സഭാഭരണം നടത്തുന്നതിനു ഒരു

സഹായകനെ മല്പ്രിയാനാ നേരത്തെ നിയമിക്കണം. (ii–12)
ഇതെപ്പററി മേൽ രണ്ടാംഭാഗം ഇ. ഖണ്ഡികയിൽ പരാ
മർശിച്ചിട്ടുണ്ട്.

9) മലങ്കരെ നിർമ്മിക്കപ്പെടുന്ന പുതിയ പ്രാദേശികനി
യമങ്ങൾക്കു പാത്രിയക്കീസിൻെറ സ്ഥിരീകരണം ആവശ്യ
മാണ്. (ii–15)

ഈ വ്യവസ്ഥ ചിലരിൽ തലവേദന ഉളവാക്കുന്നതായി അ
റിയുന്നു. പൂർവ്വകാലംമുതലെ സഭയിൽ ലിഖിതവും അലിഖിതവു
മായ നിയമങ്ങൾ ഉണ്ട്. അവയിൽ വരുത്താവുന്ന വ്യത്യാസങ്ങ
ളാണ് "പുതിയ പ്രാദേശികനിയമങ്ങൾ" എന്നു അന്ത്യോഖ്യാവ്യ
വസ്ഥ വീക്ഷിക്കുന്നതു്. പുതിയ നിയമങ്ങൾക്കു് സഭയുടെ പര
മാദ്ധ്യക്ഷൻെറ സ്ഥിരീകരണം വേണമെന്നു് അനുശാസിക്കുന്ന
തു്, അവയിൽ സഭയുടെ വിശ്വാസാചാരങ്ങൾക്കു് എതിരായി
യാതൊന്നുമില്ലെന്നു നിശ്ചയപ്പെടുത്തുന്നതിനും സഭയുടെ ഐക്യ
ത്തെ കാണിക്കുന്നതിനും പ്രാദേശിക സഭകൾ ആകമാനസഭ
യുടെ പൊതുനയത്തിൽനിന്നു വ്യതിചലിക്കാതിരിക്കുന്നതിനും
ഏററവും ആവശ്യമാണെന്നു് നിഷ്പക്ഷബുദ്ധികൾക്കു തോ
ന്നാതിരിക്കയില്ല. ഉൾഭരണത്തിൽ കൈകടത്തുന്നതിനുള്ള പാ
ത്രിയർക്കീസിൻെറ ഒരു ശ്രമമാണ് ഇതെന്നു് ആരെങ്കിലും ദുർ
വ്യാഖ്യാനം ചെയ്യുന്നെങ്കിൽ അവരെപ്പററി സഹതപിക്കുക
യെ തരമുള്ളു.

10) കാതോലിക്കാഭാഗത്തെ മേൽപ്പട്ടക്കാരുടെ സ്വീകര
ണം സംബന്ധിച്ചുള്ള വ്യവസ്ഥയാണ് ii–3 ൽ കാണുന്നതു്.
ചിങ്ങവനം വട്ടമേശസമ്മേളനത്തിൽ ആദ്യം രൂപവൽക്കരി
ച്ച നിശ്ചയങ്ങളിൽ മൂന്നാമത്തേതു് വി. പാത്രിയർക്കീസ് ബാ
വായും കാതോലിക്കാ ബാവായുംകൂടി "ബാക്കികാര്യങ്ങൾ" യോ
ജിച്ചു ചെയ്യണമെന്നായിരുന്നു എന്നു 12–ാംവശത്തു പറ
ഞ്ഞിട്ടുണ്ടല്ലൊ. "ബാക്കി കാര്യങ്ങൾ" എന്നു പറഞ്ഞതിൽ സ്വീ
കരണം ഒരു പ്രധാന ഘടകമായിരുന്നു. ആ നിശ്ചയം ഭേദപ്പെടു
ത്തിയെങ്കിലും വി. പാത്രിയർക്കീസ് ബാവായും കാതോലിക്കാ
ബാവായും കൂടി ആ കാര്യത്തിനു നിർബ്ബന്ധമായി പരിഹാരമു
ണ്ടാക്കിക്കൊള്ളുമെന്നുള്ള ധാരണയിലായിരിക്കാം, അതുസംബന്ധി
ച്ചു യാതൊരു അഭിപ്രായവും ചിങ്ങവനം വ്യവസ്ഥകളിൽ ഉൾ

പ്പെടുത്തിയിട്ടില്ല. എന്നാൽ അന്ത്യോഖ്യാ വ്യവസ്ഥകളിൽ ആ
കാര്യംസ്പഷ്ടമാക്കുന്നുണ്ട്.(ii–3) അതു കാതോലിക്കാഭാഗത്തെ മേ
ൽപ്പട്ടക്കാർ കാനോനിക പ്രാർത്ഥനകളുംസ്തോത്തിക്കോനും കൽപ്പ
നകളും പ്രാപിപ്പാൻ വി. പിതാവിൻെറ അടുക്കൽ സന്നിഹിത
രാകണമെന്നാണ്. എങ്കിലും അവർ എല്ലാവരും ഹോംസിൽത
ന്നെ ഹാജരാകണമെന്നു് ഈ വ്യവസ്ഥ നിർബന്ധിക്കുന്നില്ല.
അവർ ശേഷം സമാധാനവ്യവസ്ഥകൾ സമ്മതിക്കുന്നപക്ഷം
വി. പിതാവുതന്നെ മലയാളത്തു് എഴുന്നള്ളിയേക്കാം. പക്ഷേ
സമാധാനസാദ്ധ്യതയെപ്പററി ന്യായമായ പ്രതീക്ഷകൾ ഇല്ലാ
ത്ത അവസരത്തിൽ വി. പിതാവു് ഇവിടെ എഴുന്നള്ളുമെ
ന്നൊ എഴുന്നള്ളണമെന്നൊ ആശിക്കുന്നതു് അസ്ഥാനത്താണ്.
മലയാളത്തേക്കുള്ള എഴുന്നള്ളത്തു സാദ്ധ്യമല്ലെന്നുവന്നാൽ മുൻക്രൂ
ട്ടി നിശ്ചയിക്കുന്നതനുസരിച്ചു് ഇവിടുത്തുകാർക്കു് മററു് എവി
ടെവച്ചെങ്കിലും വ. പിതാവിനെ സന്ദർശിക്കാവുന്നതാണ്.
അതുകൊണ്ടു് കൂടിക്കാഴ്ച ഒരു വിഷമപ്രശ്നമല്ല. കൂടിക്കാഴ്ച
ആവശ്യമാണൊ എന്നാണ് ആലോചിക്കേണ്ടതു്. നമ്മുടെ
വൈദികക്കു് സാധുവായ കൈവയ്പ്പു് ഉണ്ടായിരിക്കേണ്ടതു്
എല്ലാവരുടെയും ആവശ്യമാണ്. കൈവയ്പുള്ളവക്കു് വീ
ണ്ടും പട്ടംകൊടുക്കുന്നതും അതു കിട്ടിയിട്ടില്ലാത്തവരെ അതേപ
ടി സ്വീകരിക്കുന്നതും ഒന്നുപോലെ നിഷിദ്ധവും തെററുമാണ്.
ഏററവും കാതലായ ഈ സംഗതിയിൽ കാനോനു വിരുദ്ധമായി
വി. പിതാവു് യാതൊന്നും പ്രവർത്തിക്കയില്ല. അതിൻെറ
ആവശ്യവുമില്ല. അദ്ദേഹം അങ്ങനെ പ്രവർത്തിക്കുമെന്നു്
ആരെങ്കിലും സംശയിക്കുമെന്നു് തോന്നുന്നില്ല. അതിനാൽ
കാനോനിക പ്രാർത്ഥനകൾക്കും മററുമായി പാത്രിയക്കീസിൻെറ
അടുക്കൽ സന്നിഹിതരാകണമെന്നുള്ളവിളി പിതാവിനടുത്ത
സ്നേഹത്തോടുകൂടിയ ഒരു ക്ഷണമായി വിചാരിക്കാവുന്നതേയുള്ളു.

ഈ വിഷയത്തെപ്പററി മുൻ സമാധാന ആലോചനക
ളിലെ വ്യവസ്ഥകളെന്തായിരുന്നുവെന്നു നോക്കാം.

1) 1939–ലെ പക്കൻഹാംവാൽഷു് വ്യവസ്ഥ 21–ാംവ
കുപ്പിൽ ഇങ്ങനെ പറയുന്നു. "സഭയുടെ സമാധാനത്തെ ഉദ്ദേ
ശിച്ചു മാർ ബസേലിയോസു് ഗീവറുഗീസു് കാതോലിക്കോസു്
എന്നു ഇപ്പോൾ അറിയപ്പെടുന്ന ദേഹത്തെ യോജിപ്പിനും സമാ
ധാനത്തിനുംവേണ്ടി വി. പാത്രിയക്കീസു് ന്യായമായ—പ്രത്യ

കിച്ചു പ. റൂഹായുടെ വിളിയുടെ—പ്രാർത്ഥനകൾ കഴിച്ചു മലങ്കരയുടെ ഒന്നാമത്തെ മപ്രിയാനായായി അംഗീകരിച്ചശേഷം മലങ്കരയുടെ കാതോലിക്കോസ് എന്ന നാമത്താൽതന്നെ ബഹുമാനിക്കപ്പെടുന്നതാകുന്നു............അദ്ദേഹത്തെ അനുകൂലിക്കുന്ന മേൽപട്ടക്കാർ വി. പാത്രിയർക്കീസിന്റെ നിർദ്ദേശപ്രകാരം കാതോലിക്കാമൂലം യോഗ്യമായ പ്രാർത്ഥനകൾ കഴിച്ചു അംഗീകരിക്കപ്പെടണം. അതുപോലെയുള്ള പട്ടക്കാരും മേൽപട്ടക്കാർമൂലം മേൽപ്രകാരം സ്വീകരിക്കപ്പെടണം."

ii) 1941-ൽ ആലുവായിൽവച്ചു നടത്തിയ വട്ടമേശസമ്മേളനത്തിലെ ഒന്നാമത്തെ നിശ്ചയം ഇപ്രകാരമാണ്:—

"കാതോലിക്കാ (ഒന്നാംപ്രതി) മുതലായ സ്ഥാനികളെ വി. അന്ത്യോഖ്യാ പാത്രിയർക്കീസുബാവാ തിരുമനസ്സുകൊണ്ടു സ്വീകരിച്ചിട്ടില്ലാത്തതിനാൽ വി. സിംഹാസനത്തിൽനിന്നു നിർദ്ദേശിച്ചിട്ടുള്ള അംഗീകാര ശുശ്രൂഷയുടെശേഷം തഴെപറയുന്ന വ്യവസ്ഥകളോടുകൂടി നാം യോജിച്ചിരിക്കുന്നതാകുന്നു."

ഈ നിശ്ചയമനുസരിച്ചു കാലംചെയ്ത മോറാൻ മാർ ഏലിയാസ് പാത്രിയർക്കീസുബാവാ തിരുമനസ്സുകൊണ്ട് ഏൽപിച്ചിരുന്ന സ്വീകരണ ശുശ്രൂഷയുടെ പുസ്തകം പ്രത്യേക ആൾവിട്ടു മഞ്ഞനിക്കര ദയറായിൽനിന്നു വരുത്തി അപ്പോൾ ആലുവാ യൂണിയൻ കോളജിൽ താമസിച്ചിരുന്ന കാതോലിക്കായെയും കൂടെ ഉണ്ടായിരുന്ന മേലദ്ധ്യക്ഷന്മാരെയും മാർ തീമോത്തിയോസ് തിരുമേനി കാണിക്കുകയും ആ പുസ്തകം ഉപയോഗിച്ചു സ്വീകരണ ശുശ്രൂഷ നടത്തുന്നതിനു അവർ സമ്മതിക്കുകയും ചെയ്തിരുന്നു. അതിന്റെശേഷം നിശ്ചിതസമയത്തു കാതോലിക്കോസ് സ്വീകരണ ശുശ്രൂഷയ്ക്കായി തൃക്കുന്നത്തു സിമ്മനാരിയിൽ ചെന്നിരുന്നുവെങ്കിലും മേൽപട്ടക്കാർ എല്ലാവരും ചെന്നില്ല എന്നുള്ള കാരണത്താൽ ശുശ്രൂഷയും സ്വീകരണവും നടന്നില്ലെന്നേയുള്ളു.

iii) 1944-ൽ മി. കെ. ജോർജിന്റെ മദ്ധ്യസ്ഥതയിൽ സന്ധി ആലോചിച്ചപ്പോൾ അദ്ദേഹം നിർദ്ദേശിച്ച വ്യവസ്ഥകളുടെനോട്ടിൽ പറയുന്നത്:—"*If a prayer of acceptance is also considerend necessary, the form and other details may be set'led by mutual agreement*" ("ഒരു സ്വീകരണ

പ്രാർത്ഥന കൂടി ആവശ്യമെന്നു വിചാരിക്കുന്നപക്ഷം അതിന്റെ രൂപവും മററു വിശദാംശങ്ങളും പരസ്പരസമ്മതപ്രകാരം തീരുമാനിക്കേണ്ടതാണ്)"

നാലാംഭാഗം

രണ്ടു വ്യവസ്ഥകളുടെയും ചർച്ച അവസാനിപ്പിക്കുന്നതിനു മുമ്പു വി. പാത്രിയർക്കീസ് അംഗീകരിച്ചിട്ടില്ലാത്തതായി i അക്കത്തിലുള്ള ആ ഏക വ്യവസ്ഥയെപ്പററി പര്യാലോചിക്കട്ടെ. അതായതു മപ്രിയാനായുടെ അഭാവത്തിൽ മലങ്കര സുന്നഹദോസിനു ഒരു എപ്പിസ്കോപ്പായെ സ്വയമായി വാഴിക്കാമെന്നുള്ളതാണ്. (i-9b)

വി. അന്ത്യോഖ്യാ സിംഹാസനവും മലങ്കരസഭയുമായി ശ്ലാഘനീയമായ ഒരു ബന്ധം നിലനിർത്തുകയാണ് i അക്കത്തിന്റെ ഒരു പ്രധാന ഉദ്ദേശ്യമെന്നു അതിലെ ഒന്നാം വകുപ്പു വായിച്ചാൽ തോന്നിപ്പോകും. ഏററവും ഭംഗിയായി ആരംഭിക്കുന്ന i അക്കത്തിന്റെ തനിനിറം കാണുവാൻ അതിന്റെ അവസാനഭാഗം പരിശോധിച്ചാൽ മതി. വളരെ വിരളമായി മാത്രം സംഭവിക്കാവുന്ന ഒരുകാര്യത്തെ—ഒരു മപ്രിയാനാ കാലം ചെയ്യുകയും മറെറാരാളെ വാഴിച്ചു കിട്ടുന്നതിനു അപ്രതീക്ഷിതമായി കാലതാമസം നേരിടുകയും ചെയ്യുന്ന അവസരം നോക്കി ഒരു ഭദ്രാസന ഇടവക വൈധവ്യം ഭവിക്കുക എന്ന ഏററവും അസാധാരണമായ ഒരു സംഭവത്തെ—പർവ്വതീകരിച്ച് അതിനുള്ള പരിഹാരം നിർദ്ദേശിക്കുന്നതാണ് വിചിത്രമായിട്ടുള്ളത്. പാത്രിയർക്കീസിന്റെയൊ മപ്രിയാനായുടെയൊ കൈവയ്പ് കൂടാതെ എപ്പിസ്കോപ്പന്മാരെ വാഴിക്കുവാൻ മലങ്കരസഭയ്ക്കു സ്വാതന്ത്ര്യമുണ്ടെന്നു വി. പാത്രിയർക്കീസുബാവാ സമ്മതിക്കണം പോലും!. മററുവിധത്തിൽ പറഞ്ഞാൽ മലങ്കരസഭയുമായുള്ള ശ്ലൈഹികബന്ധം അവസാനിപ്പിക്കുന്നതിനു പ. പിതാവിനു വിരോധമില്ലെന്നു സമ്മതം മൂളണമെന്നാണ് i-9b സിദ്ധാന്തിക്കുന്നത്. ഒരു പാത്രിയർക്കീസ് കാലംചെയ്തശേഷം പുതിയ പാത്രിയർക്കീസിനെ വാഴിക്കുന്നതിനു മുമ്പുള്ള കൈമാക്കാമിന്റെ ഭരണകാലത്ത് ഒരു എപ്പിസ്കോപ്പാ വാഴിക്കപ്പെടുകയൊ പ. മൂറോൻ കൂദാശ ചെയ്യപ്പെടുകയൊ ചെയ്യുന്നില്ല. എപ്പിസ്കോപ്പന്മാർ കൂടിയാൽ സ്വന്തഇഷ്ടപ്രകാ

രം പാത്രിയർക്കീസിനെ വാഴിക്കാമെങ്കിലും എപ്പിസ്കോപ്പന്മാ
രെ വാഴിക്കുവാൻ എപ്പിസ്കോപ്പന്മാർക്ക് അധികാരമില്ല. അ
അധികാരം പാത്രിയർക്കീസിനും മപ്രിയാനായ്ക്കും മാത്രമെയുള്ളു
എന്നു പൗരസ്ത്യ സഭകളുടെ നിയമവും പാരമ്പര്യവും അറിയാ
വുന്നവരോടു പറയേണ്ട ആവശ്യമില്ല. ഇതെപ്പററി കൂടുതലാ
യി ചില സംഗതികൾ അഞ്ചാംഭാഗത്തിലുണ്ടു്.

"അപ്രതീക്ഷിതമായ കാലതാമസ"ത്തിൻെറ ദൈർഘ്യം
എത്രമാത്രമെന്നൊ ഈ കാലയളവിൽ തന്നെ ഒരു മെത്രാനെ
വാഴിക്കാതിരുന്നാലുള്ള ഗുരുതര ഭവിഷ്യങ്ങൾ എന്തെല്ലാമെ
ന്നൊ i അക്ക നിർമ്മാതാക്കളൊ മററു ആരെങ്കിലുമൊ വ്യാഖ്യാ
നിച്ചു കേട്ടിട്ടില്ല. വി. സിംഹാസനവുമായുള്ള ബന്ധം തുടര
ണമെന്നു മലങ്കര സഭ യഥാർത്ഥമായി ആഗ്രഹിക്കുന്നുവെങ്കിൽ
i–9b വകുപ്പു നിശ്ചയമായും അസംബന്ധമാകുന്നു. നേരെമറിച്ചു്
ആ ബന്ധം തുടർന്നു പോകേണ്ടാ എന്നാണു് ഉദ്ദേശമെങ്കിൽ i–1
വകുപ്പിലെ ഭംഗിവാക്കു് ഇല്ലാതിരിക്കുകയായിരുന്നു മാനമായിട്ടു
ള്ളതു്. ഇങ്ങനെ അന്യോന്യം പൊരുത്തപ്പെടാത്ത രണ്ടുവകുപ്പു
കളായി 1 അക്കത്തിൻെറ രണ്ടു് അററങ്ങളും മുഴച്ചു നില്ക്കുന്നു.
ക്നാനായ ഭദ്രാസനഇടവകയ്ക്കു വൈധവ്യം ഭവിച്ചിട്ടു പന്ത്രണ്ടു
വർഷത്തോളമായി എന്നിരുന്നാലും ആ ഭദ്രാസന ഇടവകയുടെ
ദൈനംദിന ഭരണത്തിലൊ അതിൻെറ നാനാവിധ പുരോഗതി
യിലൊ ഈ വൈധവ്യാവസ്ഥ സാരമായ പ്രതിബന്ധമായി
നില്ക്കുന്നു് എന്നു ആർക്കും തോന്നിയിട്ടില്ല എന്നുള്ളതും ഈ സന്ദ
ർഭത്തിൽ സ്മരണീയമാണു്.

ഇതൊരു "രക്ഷാവ്യവസ്ഥ"യാണെന്നു വാദിക്കുന്നപക്ഷം
അതു രാഷ്ട്രത്തിലല്ലാതെ ദൈവത്തിൻെറ സഭയിൽ അനാവ
ശ്യമാണെന്നു മുൻ രണ്ടാംഭാഗത്തു വിശദമായി കാണിച്ചിട്ടുണ്ടു്.

ഈ വ്യവസ്ഥ, അതായതു മെത്രാന്മാർക്കു സ്വയമായി മെ
ത്രാന്മാരെ വാഴിക്കാമെന്നുള്ളതു് അംഗീകരിക്കപ്പെടുന്നപക്ഷം മ
ലങ്കരസഭയുടെ ഭരണകൂടത്തിൽ ശക്തിയുള്ളവർ എപ്പോഴെങ്കി
ലും വിചാരിച്ചാൽ അന്ത്യോഖ്യാബന്ധം വേർപെടുത്താൻ അ
വർക്കു കഴിയുന്നതാണു്. ഇപ്പോഴത്തെ മററു വ്യവസ്ഥകൾമൂലം
വി. പാത്രിയർക്കീസിനുള്ള പ്രധാന അധികാരാവകാശങ്ങൾ
മപ്രിയാനായെ വാഴിക്കുന്നതും മൂറോൻ കൂദാശ ചെയ്യുന്നതു

മാണെല്ലൊ. മൂറോൻ വർദ്ധിപ്പിക്കുവാൻ മെത്രാന്മാർക്കു
അത്യാവശ്യഘട്ടത്തിൽ അധികാരമുള്ളതുകൊണ്ടു അതിനു പാ
ത്രിയർക്കീസിനെ അവലംബിക്കാതെ കഴിച്ചുകൂട്ടാം. പിന്നീടു
ശേഷിക്കുന്ന ഏകകാര്യം മപ്രിയാനാ വാഴ്ചയാണു്. മപ്രിയാ
നായെക്കൊണ്ടുള്ള ആവശ്യം മെത്രാന്മാരെ വാഴിക്കാനാണു്.
അതിനു മലങ്കര സുന്നഹദോസിനു അധികാരമുണ്ടെന്നു വ
രുന്നപക്ഷം മപ്രിയാനാ എന്ന ഉന്നതപേർ ഉപേക്ഷിച്ചി
ട്ടു് പാത്രിയർക്കീസിനെ കൂടാതെ മലങ്കരസഭയ്ക്കു തുടരു
വാൻ സാധിക്കും. ആ സ്ഥിതിക്കു് അന്ത്യോഖ്യാബന്ധവും തന്മൂ
ലം അപ്പോഴേപ്പോലെ പിന്തുടർച്ചയും നിലനിർത്തണമെന്നു നിർ
ബന്ധമുള്ള ബാവാകക്ഷികൾ ഈ വ്യവസ്ഥസമ്മതിക്കുക സാ
ദ്ധ്യമല്ല.

അഞ്ചാം ഭാഗം

സമാപ്തി

മൊത്തത്തിൽ പറഞ്ഞാൽ ചിങ്ങവനം വ്യവസ്ഥകളിൽ
9–ാം വകുപ്പു് ഒഴിച്ചു ബാക്കിയെല്ലാം അന്ത്യോഖ്യാ വ്യവസ്ഥകളി
ലുണ്ടു്. ആ9–ാം വകുപ്പു സ്വീകരിക്കുവാൻ വി. സഭയുടെ തലവ
നു യാതൊരു നിവൃത്തിയുമില്ലെന്നു മുകളിൽ വിശദമാക്കിയിട്ടു
ണ്ടു. ശേഷം വകുപ്പുകളിൽതന്നെ പല ഭാഗങ്ങളിലും അപൂർണ്ണ
തയും നീതിവിരുദ്ധങ്ങളും യുക്തിഭംഗങ്ങളുമുണ്ടു്. അവയെല്ലാം
ശരിപ്പെടുത്തി വിശദീകരിച്ചു കാനോനികമായ വിധത്തിൽ
ന്യായമായി രചിച്ചിട്ടുള്ളതാണു് അന്ത്യോഖ്യാ വ്യവസ്ഥ. iii അ
ക്കം കൽപ്പനയിൽ ഈ സംഗതികളെ ഏററവും സ്പഷ്ടമായി
വി. പിതാവു വിവരിക്കുകയും അവയെ സ്വീകരിക്കുവാൻ സ്നേ
ഹബുദ്ധ്യാ നമ്മോടു ഉപദേശിക്കുകയും ചെയ്യുന്നു. ചിങ്ങവനം
വ്യവസ്ഥകളെ വി. പിതാവു മൗലികമായി വ്യത്യാസപ്പെടുത്തി
യിട്ടുണ്ടെന്നുള്ള ലീഗുകാരുടെ പ്രസ്താവന അവർ രണ്ടു വ്യവസ്ഥ
കളും തുലനം ചെയ്തു നോക്കിയിട്ടില്ലെന്നു പ്രത്യക്ഷീകരിക്കുന്നു.
ചിങ്ങവനം വ്യവസ്ഥകൾ വട്ടമേശസമ്മേളനത്തിൽ കൂടിയിരു
ന്ന മേലദ്ധ്യക്ഷന്മാർ തയ്യാറാക്കിയതല്ലെന്നും വേദശാസ്ത്രമൊ, സ
ഭയുടെ വിശ്വാസസത്യങ്ങളൊ യാതൊന്നും പഠിച്ചിട്ടില്ലാത്ത
ഏതാനും പേർ യാദൃച്ഛികമായി ചിങ്ങവനത്തു വന്നപ്പോൾ ലീ
ഗുകാർ അവരെ നിർബന്ധിച്ചതിനാൽ അവർ ഒരു രാത്രി ഉറ

ക്കമൊഴിഞ്ഞു് ഇരുന്നു നിര്‍മ്മിച്ചതാണെന്നും എന്നാല്‍ അന്ത്യോ
ഖ്യാ വ്യവസ്ഥകള്‍ നമ്മുടെ വി. സഭയുടെ പ്രധാന തലവനും
സിംഹാസന മേല്‍പ്പട്ടക്കാരുംകൂടി പലനാള്‍ പ്രാര്‍ത്ഥനാപൂര്‍വ്വം
ആലോചിച്ചശേഷം എഴുതിയുണ്ടാക്കിയതാണെന്നും ഓര്‍ക്കുമ്പോ
ള്‍ i അക്കത്തിന്റെ നിര്‍മ്മാതാക്കളോടു് അനുകമ്പയും ii അക്ക
ത്തിന്റെ നിര്‍മ്മാതാക്കളോടു ഭക്തിബഹുമാനങ്ങളും സ്വാഭാവിക
മായി തോന്നിപ്പോകുന്നു. i അക്കത്തില്‍ വള്ളിക്കോ പുള്ളിക്കോ
വ്യത്യാസം വരുത്താന്‍ വി. സഭയുടെ പരമാധികാരിക്കുപോലും
സ്വാതന്ത്ര്യമില്ലെന്നു കാണിച്ചു ഒരുഅന്ത്യശാസനാരീതിയില്‍വി.
പിതാവിനെ ഭീഷണിക്കു വിധേയമാക്കാമെന്നു വ്യാമോഹിക്കുന്ന
ത്തു രാഷ്ട്രീയ പ്രക്ഷോഭണപരിപാടിയില്‍ ഉപയോഗിക്കാവുന്ന
ഒരു അടവായിരിക്കാമെങ്കിലും പിതാവിനെ അനുസരിക്കുവാന്‍
ച്ചുമതലയുള്ള മക്കള്‍ക്കു് അതു ചേരുന്നതല്ല.

ചിങ്ങവനം സമ്മേളനത്തെ കല്‍ക്കദ്ദൊനിയാ സുന്നഹദോ
സിനോടു് ഉപമിച്ചുകൊണ്ടും അതിലെ വ്യവസ്ഥകള്‍ "നമ്മ
ക്കൊ മററു മെത്രാന്മാര്‍ക്കൊ സ്വീകാര്യമല്ലായിരുന്നു" എന്നു ഉ
ച്ചൈസ്തരം പ്രഘോഷിച്ചുകൊണ്ടും കാതോലിക്കോസും തന്റെക്രൂ
ടെയുള്ള വൈദികരെല്ലാവരും, തന്റെ നാവുകളായ സഭാസേവ
കന്‍, ചര്‍ച്ചുവീക്കിലി മുതലായ പ്രസിദ്ധീകരണങ്ങളും തന്റെ
വക്താക്കളായ കക്ഷിപ്രധാനികളും അന്ത്യോഖ്യാ വ്യവസ്ഥകള്‍
ഈ നാട്ടില്‍ വരുന്നതിനു മുമ്പുതന്നെ ചിങ്ങവനം വ്യവസ്ഥക
ളെ പാടെ തിരസ്കരിച്ചുകളഞ്ഞുവെങ്കിലും പീസ്സലീഗുകാര്‍ നി
രാശാഭരിതരാകരുതു്. എന്നാല്‍ അന്ത്യോഖ്യാ വ്യവസ്ഥകളെ ശ
രിയായി പഠിച്ചുകൊണ്ടു് അവയില്‍ ഭേദപ്പെടുത്തേണ്ടവ വല്ല
തുമുണ്ടെങ്കില്‍ അതു ചൂണ്ടിക്കാണിച്ചു തരുവാന്‍ കാതോലിക്കാക്ക
ക്ഷികളെ വീണ്ടും സമീപിക്കുകയാണു സമാധാനപ്രേമികളായ
ലിഗുകാര്‍ക്കു് ഇനിയും കരണീയമായിട്ടുള്ളതു്. വേണ്ടിവന്നാല്‍
ഇരുകക്ഷിയിലെയും മേലദ്ധ്യക്ഷന്മാരുടെ വട്ടമേശസമ്മേളനം
അവര്‍ ഒരിക്കല്‍കൂടി വിളിച്ചുകൂട്ടണം. ആ സമ്മേളനത്തില്‍ ര
ണ്ടു വ്യവസ്ഥകളും ചര്‍ച്ചചെയ്തു വിധേയമാക്കിനശേഷം അന്ത്യോ
ഖ്യാ വ്യവസ്ഥകളില്‍ വല്ല അത്യാവശ്യഭേദഗതികളും വരുത്തേ
ണ്ടതുണ്ടെങ്കില്‍ അവയെ വിശദമായി എഴുതി ഇരുകൂട്ടരുംകൂടി
ഒപ്പിട്ടു (വെറും പ്രമേയം പോരാ)വി. പിതാവിനു അയച്ചുകൊ
ടുക്കണം. അവ കാനോനികവുംവി. സഭയുടെവിശ്വാസതത്വങ്ങ

ള്‍ക്കുവിപരീതമല്ലാത്തവയുമാണെങ്കില്‍ വി. പിതാവു അവയെ
നിശ്ചയമായും അനുവദിച്ചുതരും.

സമാധാനത്തിനു തടസ്സക്കാരന്‍ അന്ത്യോഖ്യാ പാത്രിയര്‍
ക്കീസാണെന്നു ധരിക്കത്തക്കവിധം അന്ത്യോഖ്യായ്ക്കു നിവേദക
സംഘത്തെ അയയ്ക്കേണ്ട യാതൊരാവശ്യവും ഇപ്പോഴില്ല. എ
ന്നുതന്നെയല്ല അങ്ങനെ ഒരു ധ്വനിക്കു ഇടം കൊടുക്കുന്നതു
വി. പിതാവിനും അവിടുത്തെ മക്കളായ നമുക്കും ആക്ഷേപക
രമാണു്. വി. പിതാവിനെ മലയാളത്തെ സംഗതികള്‍ ശരി
ക്കു മനസ്സിലാക്കുന്നില്ലെന്നും അദ്ദേഹം മനസ്സിലാക്കിയിട്ടില്ലെന്നും
മെത്രാപ്പോലീത്തന്മാര്‍ ജനങ്ങള്‍ക്കും വ. സിംഹാസനത്തിനും
ഇടയ്ക്കു ഒരു ഇരിമ്പുമറ എന്ന വിധത്തില്‍ നിലകൊള്ളുന്നു എന്നും
മററും ചിലര്‍ പറയുന്നതില്‍ യാതൊരു യാഥാര്‍ത്ഥ്യവും കഴ
മ്പും ഇല്ലെന്നു ചിങ്ങവനം വ്യവസ്ഥകളും അന്ത്യോഖ്യാ വ്യവസ്ഥ
കളും കൂട്ടിവച്ചു വായിക്കുന്നവര്‍ക്കു എളുപ്പം ബോദ്ധ്യമാകും.
ചിങ്ങവനം വ്യവസ്ഥകളില്‍ 9 b വകുപ്പു ഒഴിച്ചുള്ളവയെല്ലാം
വി. പിതാവു അംഗീകരിച്ചിട്ടുണ്ടല്ലോ. 9 b വകുപ്പു അംഗീകരി
ക്കാത്തതു ഇവിടുത്തെ സംഗതികള്‍ വി. പിതാവു മനസ്സിലാക്കാ
ഞ്ഞിട്ടല്ല. അതു (iii) അക്കം കല്‍പനയില്‍ പറയുന്നതുപോലെ
"നമ്മുടെ സഭയുടെ ബന്ധിതമായ നിയമത്തിനും സുവിദിതമാ
യ പാരമ്പര്യത്തിനും അനുസൃതവും മലങ്കര മല്പാനാ സ്ഥാന
ത്തിന്റെ അധികാരസംരക്ഷണത്തിനുവേണ്ടിയും കലുഷിത
മായ ഈ കാലഘട്ടത്തില്‍ രണ്ടോ മൂന്നോ എപ്പിസ്കോപ്പന്മാര്‍ക്കു
മല്പിയാനാ സ്ഥാനത്തിന്റെ പദവിക്കുതന്നെ എതിരായി ഉണ്ടാ
കുവാന്‍ കഴിയുന്ന ഭിന്നതയില്‍ നിന്നു സഭയെ ഉദ്ധരിക്കുവാ
ന്‍വേണ്ടിയുമാകുന്നു." ഇവിടെ "ബന്ധിതമായ നിയമം" എന്നു
പറഞ്ഞിരിക്കുന്നതു ഹൂദായകാനോന്‍ ഏഴാം അദ്ധ്യായത്തില്‍
"യോഹന്നാന്‍ പാത്രിയര്‍ക്കീസ്" എന്ന തലക്കെട്ടിലുള്ള ഒന്നാം
വകുപ്പും "നിഖ്യാ" എന്ന തലക്കെട്ടിലുള്ള മൂന്നാംവകുപ്പും ആകു
ന്നു. അന്ത്യോഖ്യാ പാത്രിയര്‍ക്കീസിനു് എതിരായിട്ടോ അദ്ദേഹ
ത്തിന്റെ ഇഷ്ടത്തിനു വിരോധമായിട്ടോ പൌരസ്ത്യക്കു ഒരു
മല്പിയാനായെയൊ, മെത്രാപ്പോലീത്തായെയൊ, എപ്പിസ്കോ
പ്പായെയൊ വാഴിക്കുവാന്‍ അവകാശമില്ലെന്നും പാത്രിയര്‍ക്കീ
സിനും മല്പിയാനായ്ക്കും മാത്രമെ ഒരു മെത്രാപ്പോലീത്തായെയൊ
എപ്പിസ്കോപ്പായെയൊ വാഴിപ്പാന്‍ അധികാരമുള്ളു എന്നുമാണു്

പ്രസ്തുത കാനോൻ. ഈ കാനോൻ ഇക്കഴിഞ്ഞ സമുദായക്കേസി
ലെ ഹൈക്കോടതി വിധിയിൽ സ്വീകരിച്ച് ഉദ്ധരിച്ചിട്ടു
മുണ്ട്. (1946 T. L. R. 103, 104 & 115)

ഇത്തരുണത്തിൽ ഒരു ചെറിയസംഭവംഓർമ്മയിൽ വന്നത്
എഴുതട്ടെ. ഇപ്പോഴത്തെ കാതോലിക്കായെ വാഴി
ച്ചതു വട്ടശ്ശേരിൽ മെത്രാച്ചനും ബഥനി എപ്പിസ്കോപ്പായും കൂടി
യായിരുന്നുവല്ലൊ. കുറഞ്ഞപക്ഷം മൂന്നു മെത്രാന്മാരെങ്കിലും ഇ
ല്ലെങ്കിൽ വാഴ്ച സാധുവാകുമൊ എന്നൊരു ശങ്കയും ഭീതിയും
പലർക്കുമുണ്ടായി. അതിനു പരിഹാരമായി ചിലർ നിർദ്ദേശി
ച്ചതു, കാതോലിക്കാസ്ഥാനാർത്ഥിയായ മെത്രാനും മററു രണ്ടുമെത്രാ
ന്മാരുംകൂടി ആദ്യമെ ഒരു മെത്രാനെ വാഴിക്കണമെന്നും പിന്നീടു
പുതിയ മെത്രാൻ ഉൾപ്പെടെ മൂന്നു മെത്രാന്മാർചേർന്നു കാതോ
ലിക്കായെ വാഴിക്കണമെന്നുമായിരുന്നു. ഈ നിർദ്ദേശവുംകൊണ്ടു
ചിലർ വട്ടശ്ശേരിൽമെത്രാച്ചനെ സമീപിച്ചപ്പോൾ അദ്ദേഹം
പറഞ്ഞ മറുപടി ശ്രദ്ധേയമാണ്. മെത്രാനെ വാഴിക്കാൻ പാ
ത്രിയക്കീസൊ കാതോലിക്കായൊ വേണം. അതിനു ഇവിടെ ആ
ളില്ലാത്തതുകൊണ്ടു ഉടനെ മെത്രാനെ വാഴിക്കാൻ നിവൃത്തി
യില്ല. അതിനാൽ എങ്ങനെയും കാതോലിക്കായെ വാഴിക്കണം.
പിന്നീടു കാതോലിക്കാ മെത്രാനെ വാഴിക്കട്ടെ. ഇങ്ങനെ അദ്ദേ
ഹം പറഞ്ഞതുകൊണ്ടാണ് ആദ്യം കാതോലിക്കായെ വാഴിക്കുക
യും പറേറദിവസം മെത്രാന്മാരെ വാഴിക്കുകയും ചെയ്തതു്.

ചിങ്ങവനം വ്യവസ്ഥകളിലെ 9 b വകുപ്പു വി. പിതാവു
അംഗീകരിക്കാഞ്ഞതു മലങ്കരയിലെ ഏതു യഥാർത്ഥസംഗതി
വിടെ അറിയാഞ്ഞിട്ടാണെന്നു ആരെങ്കിലും പറയട്ടെ. അ
ങ്കിൽ ഏതുസംഗതിഅറിയിച്ചാൽ ആ 9 b വകുപ്പു അനുവദിച്ചേ
രുമെന്നുപറയട്ടെ. ഈ ഇരുമ്പുമറകളെല്ലാമുണ്ടായിരുന്നിട്ടും വട്ട
ശ്ശേരിൽ മെത്രാച്ചനും ഇപ്പോഴത്തെ കാതോലിക്കായും ശീമ
യിൽചെന്നു പാത്രിയക്കീസന്മാരെ കണ്ടു യഥാർത്ഥങ്ങളെല്ലാം ഗ്ര
ഹിപ്പിച്ചുവല്ലൊ. ഏലിയാസ് തൃതീയൻ പാത്രിയക്കീസുബാവാ
ഈ നാട്ടിൽ വന്നിരുന്നപ്പോൾ കാണേണ്ടവരെല്ലാംഅദ്ദേഹത്തെ
കണ്ടു കാര്യങ്ങൾ ഗ്രഹിപ്പിക്കുകയും അദ്ദേഹം ഗ്രഹിക്കുകയും ചെ
യ്തുവല്ലൊ. എന്നിട്ടും ഇതുവരെ സമാധാനമുണ്ടാകാഞ്ഞതു എന്തു
കൊണ്ട്? ഇതിൻെറയൊക്കെ അർത്ഥം സമാധാനത്തിനു തടസ്സം

നില്ക്കുന്നതു പ. സിംഹാസനമല്ലെന്നാണ്. നാം തന്നെയാണു യ
ഥാർത്ഥ ഇരിമ്പുമറകൾ. നമ്മുടെ കണ്ണുകൾ അന്ധതപ്പെട്ടിരിക്കു
ന്നതുകൊണ്ടാണു നാം ഒന്നും കാണാത്തതു്. വാസ്തവം പറഞ്ഞാൽ
നമ്മിൽ ചിലർക്കു വി. സഭയുടെ നിയമവും പാരമ്പര്യവും അറി
യാൻ പാടില്ലാഞ്ഞിട്ടും പരിശുദ്ധമായ മശ്രിയാനാസ്ഥാനത്തോടു
അവർക്കുരാഷ്ട്രീയമായിട്ടല്ലാതെആത്മീകമായഭക്തിബഹുമാനങ്ങൾ
ഇല്ലാഞ്ഞിട്ടുമാണ് അവർ ചിങ്ങവനംവ്യവസ്ഥയിലെ 9 b വകു
പ്പുകൂടി വേണമെന്നു ശഠിക്കുന്നതു്.

മേൽപ്പറഞ്ഞ കാരണങ്ങളാൽ സമാധാന പുനഃസ്ഥാപന
ത്തിനുവേണ്ടി മരണംവരെ പരിശ്രമിക്കുമെന്നു ദൃഢവ്രതമെടു
ത്തിട്ടുള്ള പീസുലീഗുകാർ ഇപ്പോൾ അവർക്കു കിട്ടിയിരിക്കുന്ന
നല്ല അവസരവും സ്വാധീനവും നഷ്ടപ്പെടുത്തിക്കളയാതെ അവ
രുടെ ത്യാഗശക്തിയാൽ പ്രക്ഷോഭണമനസ്ഥിതിയെ നിയന്ത്രിച്ചു
ക്ഷമയോടും ശാന്തതയോടും നിഷ്പക്ഷമായും സഭാസേവനസ
ന്നദ്ധതയോടും സർവ്വോപരി പ്രാർത്ഥനയോടും വി. സഭ ദൈവ
ത്തിൻെറ സ്ഥാപനമാണെന്നുള്ള ബോദ്ധ്യത്തോടുംകൂടി പ്രവർ
ത്തിക്കണമെന്നു അവരോടുവിനയപൂർവ്വം അഭ്യർത്ഥിച്ചുകൊള്ളുന്നു.

BEATI PACIFICI;

Quoniam Vocabuntur Filii Dei·

സ്പർഹായെ

തിരുവിതാംകൂർ കമ്പനിയും പരിരക്ഷണവും ചട്ടങ്ങളനുസരിച്ച 1119-ൽ 54-ാം നമ്പരിൽ ആദായത്തിനല്ലാത്ത സംഘമായി രജിസ്റ്ററാക്കിയിട്ടുള്ളതും മലങ്കര അന്ത്യോഖ്യാ പ്രതിനിധി തിരുമനസ്സുകൊണ്ട് രക്ഷാധികാരിയായിരിക്കുന്നതുമായ "മലങ്കര സേവാസംഘ"ത്തിന്റെ ചുമതലയിൽ വി: കുർബാന വിശ്വാസികളായ മരിച്ചുപോയിട്ടുള്ളവർക്കും, ജീവനോടിരിക്കുന്നവർക്കും വേണ്ടി ശാശ്വതമായി അർപ്പിക്കുന്നതിനു ചിങ്ങവനം മാർ അപ്രേം സിമ്മനാരിയിൽ ശ്രേഷ്ഠാനുമതി പ്രകാരം സ്പർഹായെ സ്ഥാപിച്ചിരിക്കുന്നു.

ആണ്ടിൽ ഒരു കുർബാന വീതം ഏതെങ്കിലും ഞായറാഴ്ചയോ, മാറാനായ പെരുന്നാളിലോ അർപ്പിക്കുന്നതിനു 15 രൂപായും, ആണ്ടുതോറും നിശ്ചിത തീയതിക്കുതന്നെ അർപ്പിക്കുന്നതിനു 25 രൂപായും മാത്രം ഒരിക്കലായി ഒടുക്കേണ്ടതാകുന്നു.

അപേക്ഷാഫാറം അടങ്ങിയ സ്പർഹായെ ചട്ടങ്ങൾക്കും കൂടുതൽ വിവരങ്ങൾക്കും സ്റ്റാമ്പ് സഹിതം ആവശ്യപ്പെടേണ്ട മേൽവിലാസം:—

മലങ്കര സേവാസംഘം സെക്രട്ടറി.

മാർ അപ്രേം സിമ്മനാരി,

ചിങ്ങവനം A. O. പള്ളം P. O.

മലങ്കര സുറിയാനിസഭാ
ലഘുലേഖകൾ

Old Series — വില അണ

No.

1. കർബ്ബാന തക്സാകളുടെ പുരാതനത്വം — 4
2. കർമ്മാനുഷ്ഠാനങ്ങൾ — തീർന്നുപോയി
3. രക്ഷാപ്രസംഗികൾ — ടി

New Series

1. അബ്ദൽമിശിഹായും കാതോലിക്കാ സ്ഥാപനവും — 3
2. സമുദായക്കേസിന്റെ ജില്ലാ വിധിയെപ്പററി — 2
3. വി. സിംഹാസനത്തിങ്കൽ നിന്നു അയച്ചതന്ന വിജ്ഞാപനം. (തീർന്നുപോയി)
4. കെ. പി. പൌലൂസ്സകത്തനാർക്കു ഒരു മറുപടി — 3
5. അന്ത്യോഖ്യായും മലങ്കരയും. — 3
6. *The Paul Terms made in* 1950. — 1
7. ചിങ്ങവനം വ്യവസ്ഥകളും അന്ത്യോഖ്യാ വ്യവസ്ഥകളും. — 2

IN THE PRESS

1. *The Indian Church of St. Thomas.* *By the Late Mr. E. M. Philip.*
2. മാർത്തോമ്മാ ശ്ലീഹായുടെ ഇൻഡ്യൻ സഭ. ടി പരിഷ്കരിച്ചു വിപുലമാക്കിയ രണ്ടാംപതിപ്പ്.

അപേക്ഷിക്കേണ്ടും മേൽവിലാസം:—

മാർ ഇഗ്നാത്യോസ്സ് ദയറാ, മഞ്ഞനിക്കര, ഓമല്ലൂർ.
അന്ത്യോഖ്യാ സിംഹാസനപ്പള്ളി, കോട്ടയം.